# പൗരാണിക ചരിത്ര-ത്തിലേക്ക് ഖുർആൻ നൽകുന്ന വെളിച്ചം

ഡോ: എം. ഉസ്മാൻ



# القرآن وتاريخ السالفين

د. عثمان نيلامبور

مليالم

290

പൗരാണിക ചരിത്ര-
ത്തിലേക്ക് ഖുർആൻ
നൽകുന്ന വെളിച്ചം

# പൗരാണിക ചരിത്ര-ത്തിലേക്ക് ഖുർആൻ നൽകുന്ന വെളിച്ചം

ഡോ: എം. ഉസ്മാൻ
—നിലമ്പൂർ

പ്രസാധനം:
കേരള നദ്‌വത്തുൽ മുജാഹിദീൻ
മുജാഹിദ് സെൻറർ, കോഴിക്കോട്—2.

---

വില : 3 രൂപ.

ⓗ مركز توعية الجاليات بالقصيم ، ١٤٢١هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

مركز توعية الجاليات بالقصيم

القرآن وتاريخ السالفين - بريدة .

٧٢ ص ؛ ١٢ × ١٧ سم

ردمك : ٧ - ٩٨ - ٧٨٣ - ٩٩٦٠

(النص باللغة المليبارية)

١ - فضائل القرآن　　　　أ- العنوان

ديوي ٢٢٩,٣　　　　٢١/١٤٨٤

رقم الايداع ٢١/١٤٨٤

ردمك : ٧ - ٩٨ - ٧٨٣ - ٩٩٦٠

بسم الله الرحمن الرحيم

വിശുദ്ധ ഖുർആൻ ഒരു ചരിത്ര ഗ്രന്ഥമല്ല. ഉപദേശ മദ്ധ്യെ പ്രസക്തമായി മാത്രം ചില ചരിത്ര സത്യങ്ങൾ പരാമൃഷ്ടമായിട്ടുണ്ട്. അവയിൽ പലതും ചരിത്രാതീത കാലത്തുള്ളതാണ്. ധാർമ്മികത സർവ്വത്ര തകരുകയും അധാർമ്മികത സമൂഹത്തിൻെറ 'മഹത്തായ' സംസ്ക്കാരമായി മാറുകയും ചെയ്തപ്പോൾ നശിപ്പിക്കപ്പെട്ട നാഗരീക സമുദായങ്ങളുടെ ചരിത്രങ്ങൾ! അജയ്യരും അനിരുദ്ധരുമെന്ന് സ്വയം അഹങ്കരിച്ച പ്രബലന്മാർ പ്രളയംകൊണ്ടും കൊടുങ്കാററു കൊണ്ടും ഭൂകമ്പംകൊണ്ടും മററും നിമിഷനേരം കൊണ്ടു ചത്തൊടുങ്ങിയ നടുക്കുന്ന സംഭവങ്ങൾ! നൂഹിൻെറ ജനത, ഹൂദിൻെറ ജനത, സാലിഹിൻെറ ജനത, ലൂത്തിൻെറ ജനത അങ്ങനെ പലരും.

പര്യവേക്ഷണങ്ങൾവഴി അടുത്ത കാലത്തു പുറത്തു വന്നിട്ടുള്ള പൗരാണിക നാഗരീകതയുടെ അവശിഷ്ടങ്ങളുടെ മുമ്പിൽ ചരിത്രകാരൻമാർ അന്തിച്ചുനില്ക്കുന്നു. ആ നാഗരീകതകളുടെ നാശകാരണമെന്തായിരുന്നു? അനുമാനങ്ങൾ മാത്രമാണ് ഉത്തരം. അവയോ തീർത്തും ബാലിശവും.

ഡോക്ടർ ഉസ്മാൻ സാഹിബ് ചരിത്ര ഗവേഷകനെ വിശുദ്ധ ഖുർആനിലേക്ക് ക്ഷണിക്കുന്നു. ആ വഴിക്കുള്ള ഗവേഷണം യഥാർത്ഥ കാരണം കണ്ടെത്താൻ അവരെ സഹായിക്കും.

ഡോക്ടറോട് ഞങ്ങൾക്ക് അതീവ കൃതജ്ഞതയുണ്ട്.

25-2-82 —പ്രസാധകർ

# ഉള്ളടക്കം

5–10 ?

11–21 അന്ധത ബാധിച്ച മനസ്സ്

22–30 ബാലിശമായ വിശദീകരണം

31–39 അല്ലാഹുവിന്റെ നടപടിക്രമം

40–50 ഏററവും വലിയ തിൻമ

51–69 മണ്ണടിഞ്ഞ പൗരാണിക നാഗരികതകൾ

# ?

മനുഷ്യചരിത്രം വളരെ അധികം പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വിധേയമായിട്ടുള്ള വിഷയമാണ്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വിവിധ സർവ്വകലാശാലകളിലും അക്കാഡമികളിലും ചരിത്ര പഠന കേന്ദ്രങ്ങളിലും, ചരിത്ര ഗവേഷകന്മാരും, ആർക്കിയോളജിസ്റ്റുകളും, പണ്ഡിതന്മാരും പഠനവും ഗവേഷണങ്ങളും നടത്തിക്കൊണ്ടിരിക്കയുമാണ്. ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും ചരിത്രാതീത മനുഷ്യ സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കപ്പെടുകയും പരിശോധിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യർ ഭൂമിയിൽ ജീവിക്കാൻ തുടങ്ങിയിട്ട് ലക്ഷക്കണക്കിൽ കൊല്ലങ്ങളായിട്ടുണ്ട് എന്ന് ശാസ്ത്രകാരന്മാരും ചരിത്രകാരന്മാരുമെല്ലാം പറയുന്നുണ്ടെങ്കിലും, വളരെ കുറച്ച് കാലത്തെ ചരിത്രം

മാത്രമെ രേഖപ്പെടുത്തപ്പെട്ടതായിട്ടുള്ളു. ഇന്ത്യ, ചൈന, ഈജിപ്ത്, ഗ്രീസ്, മെസപ്പൊട്ടോമിയ മുതലായ രാജ്യങ്ങളുടെ ചരിത്രങ്ങളാണ്, രേഖപ്പെടുത്തിയവയിൽ ഏററവും പുരാതനമായത്. അവതന്നെ മുവ്വായിരം കൊല്ലങ്ങൾക്കപ്പുറമുള്ളത് ലഭിക്കുവാൻ പ്രയാസമാണ്. മററുള്ള രാജ്യങ്ങളുടേത് വളരെ കുറച്ചു കാലത്തേത് മാത്രമെ ലഭിച്ചിട്ടുള്ളു. ഇവർ അവകാശപ്പെടുന്നതുപോലെ, ലക്ഷക്കണക്കിൽ കൊല്ലങ്ങൾ മനുഷ്യർ ഈ ഭൂമിയിൽ ജീവിക്കാൻ തുടങ്ങിയശേഷം കഴിഞ്ഞുപോയിട്ടുണ്ട് എന്നത് ശരിയാണെങ്കിൽ, എന്തുകൊണ്ടാണ് രേഖപ്പെടുത്തപ്പെട്ട ചരിത്രം ഇത്ര പരിമിതവും ശുഷ്കവുമായിപ്പോയത്? അത് തന്നെ ചില പ്രദേശങ്ങളുടേത് മാത്രവും? എന്നു മാത്രമല്ല; ഭൂമിയുടെ ഒരു വലിയ ഭാഗം- അമേരിക്ക വൻകരകളും മററും– കൊളമ്പസ്സ് ആകസ്മികമായി അമേരിക്ക കണ്ടുപിടിക്കുന്നത്‌വരെ, അറിയപ്പെടാതെ പഴയ ലോകവുമായി (ഏഷ്യയും യൂറോപ്പും മററും) ഒരു ബന്ധവുമില്ലാതെ അങ്ങിനെ ലക്ഷക്കണക്കിൽ കൊല്ലങ്ങൾ കഴിഞ്ഞുപോയെന്നോ? നാലയ്യായിരം കൊല്ലങ്ങൾക്കപ്പുറമുള്ള മനുഷ്യ ചരിത്രം, വെറും ഊഹങ്ങളും ഭാവനകളും അനുമാനങ്ങളും മാത്രമായിത്തീരാൻ കാരണം, അന്നൊന്നും മനുഷ്യർക്ക് ഭാഷയും എഴുത്തും ഒന്നും ഇല്ലാത്ത ഒരു നില ആയിരുന്നത് കൊണ്ടാണോ? എന്തുകൊണ്ടാണ് മനുഷ്യ ചരിത്രത്തിൽ ഇത്ര വലിയ ഒരു വിടവ് ഉണ്ടായിത്തീർന്നത്?

ഏഴായിരമോ എണ്ണായിരമോ കൊല്ലങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന മനുഷ്യ സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ ഇന്ത്യയിലും മദ്ധ്യപൂർവ്വ ദേശങ്ങളിലും

ഈജിപ്തിലുമെല്ലാം കുഴിച്ചെടുക്കപ്പെടുകയും, പട്ടണങ്ങളും റോഡുകളും കൃഷിയിടങ്ങളും ജലസേചന പദ്ധതികളും എല്ലാം അവർക്കുണ്ടായിരുന്നുവെന്ന് കണ്ടുപിടിക്കപ്പെടുകയും ചെയ്യുന്നു. ആ സംസ്കാരങ്ങളുടെ എഴുത്തുകൾ (ലിഖിതങ്ങൾ) ഇതുവരെ വായിക്കുവാൻ, ഒരു കമ്പ്യൂട്ടറിന്നും സാധിച്ചിട്ടില്ല. ഭൂമിയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലും കാണപ്പെടുന്ന പൂർവ്വകാല സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്ന ചരിത്ര ഗവേഷകന്മാർക്ക്, എന്തുകൊണ്ടാണ് ഇങ്ങിനെ ഇത്ര വിപുലമായ തോതിലുള്ള നാശം പൂർവ്വ സംസ്കാരങ്ങൾക്ക് വന്നു ഭവിച്ചത് എന്നതിനെപ്പററി വ്യക്തമായ ഒരു നിഗമനത്തിലും എത്താൻ സാധിച്ചിട്ടില്ല. യഥാർത്ഥത്തിൽ ഈ കാര്യത്തെപ്പററി ഒരു വ്യക്തമായ നിഗമനത്തിലെത്താതെ, മനുഷ്യചരിത്രത്തെപ്പററി രൂപീകരിക്കുന്ന സിദ്ധാന്തങ്ങളെല്ലാം അയഥാർത്ഥങ്ങളെ ആകയുള്ളു.

ഇന്ന് ഓരോരുത്തരും ചരിത്രത്തെ തങ്ങളുടെ ആദർശങ്ങൾക്കൊത്ത് വ്യാഖ്യാനിക്കാൻ മുതിരുന്നു. മാർക്സിസ്ററ് ചിന്താഗതിക്കാർ മനുഷ്യചരിത്രത്തെയാകെ വർഗ്ഗസമരങ്ങളുടെ ചരിത്രമായി കാണുന്നു. മിക്ക ചരിത്ര ഗവേഷകന്മാരും പണ്ഡിതന്മാരും ചരിത്രപരമായ ഭൗതിക വാദത്തിൻെറ (മാർക്സിസം) സ്വാധീനത്തിൽപെട്ടത് പോലെയാണ് ചരിത്രത്തെ വ്യാഖ്യാനിക്കുന്നത്! വെറും ഭൗതികവും സാമ്പത്തികവുമായ കാഴ്ചപ്പാടോടെ ചരിത്രത്തെ വിലയിരുത്തുകയും, ആത്മീയവും മൂല്യപരവുമായ വശങ്ങളെ അവഗണിക്കുകയും ചെയ്യുകമൂലം, ചരിത്ര പഠനവും

ഗവേഷണവും ഉപകാരത്തേക്കാൾ ഉപദ്രവം ചെയ്യുന്ന ഒരു ഏർപ്പാടായിത്തീർന്നിരിക്കയാണ്! എന്ന് മാത്രമല്ല, വിശദീകരിക്കാൻ കഴിയാത്ത പലതും വിശദീകരിക്കുന്നത് ബാലിശമായ അനുമാനങ്ങളും ഊഹങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള സിദ്ധാന്തങ്ങളുടെ സഹായം തേടിക്കൊണ്ടാണ്. ഭൂതകാലത്ത് മനുഷ്യർക്കു പററിയ തെററുകളും അബദ്ധങ്ങളും മനസ്സിലാക്കി, അവ ആവർത്തിക്കാതിരിക്കുവാൻ സഹായകരമാകുന്നതിന്ന് പകരം, ചരിത്ര പഠനം ഒരു വ്യർഥ വേലയായിത്തീർന്നിരിക്കയാണ്. ചിലപ്പോൾ ആ തെററുകളും അബദ്ധങ്ങളും കൂടുതൽ ആവർത്തിക്കുവാൻ പ്രേരിപ്പിക്കുന്ന തരത്തിലും കൂടിയായിത്തീർന്നിരിക്കുന്നു എന്ന് പറയാം! ചരിത്ര കാലങ്ങളിലും ചരിത്രാതീത കാലങ്ങളിലും വളർന്ന്വന്ന രാഷ്ട്രങ്ങളുടെയും സംസ്കാരങ്ങളുടെയും വിനാശത്തിന്ന് കാരണമായിത്തീർന്ന, ആത്മീയ അധ:പതനങ്ങളെപ്പററിയും മൂല്യങ്ങളുടെ തകർച്ചയെപ്പററിയും, വിലയിരുത്താത്ത ചരിത്രപഠനം ഗുണത്തേക്കാൾ ദോഷമേ ചെയ്യുകയുള്ളു.

മനുഷ്യർ ഈ ഭൂമിയിൽ ജീവിക്കാൻ തുടങ്ങിയിട്ട് ലക്ഷക്കണക്കിൽ കൊല്ലങ്ങൾ ആയിട്ടുണ്ട് എന്ന് പരിണാമ വാദത്തിൻെറയും മററും അടിസ്ഥാനത്തിൽ വാദിക്കപ്പെടുന്നു. എന്നാൽ ഏററവും അധികം അറിയപ്പെടുന്ന ചരിത്രംപോലും നാലയ്യായിരം കൊല്ലങ്ങൾക്കപ്പുറം പോകുന്നില്ല! ഇന്ത്യ, ചൈന, ഈജിപ്ത്, മെസപ്പൊട്ടോമിയ എന്നിങ്ങനെയുള്ള രാജ്യങ്ങളുടെ ചരിത്രമായിരിക്കും ഏററവും അധികം അറിയപ്പെടുന്നത്. അവയൊന്നും നാലയ്യായിരം കൊല്ലങ്ങൾ

ക്കപ്പുറം പോകുന്നില്ല. അതിനും അപ്പുറം ഉള്ളതെല്ലാം വെറും ഊഹങ്ങളും ഭാവനകളും അനുമാനങ്ങളുമാണ്! ഏഴോ എട്ടോ ആയിരം കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്നതാണെന്ന് അനുമാനിക്കപ്പെടുന്ന പരിഷ്ക്കാരങ്ങളുടെ അവശിഷ്ടങ്ങൾ ഭൂമിയുടെ അന്തർഭാഗത്തുനിന്ന് കുഴിച്ചെടുക്കപ്പെടുന്നു. 'മോഹൻജദാരേ –ഹരപ്പ' എന്നറിയപ്പെടുന്ന സിന്ധു നദീതട സംസ്ക്കാരവും, ഈജിപ്ത് മെസപ്പൊട്ടോമിയ രാജ്യങ്ങളിൽ ഉണ്ടായിരുന്ന സംസ്ക്കാരങ്ങളും ഏഴോ എട്ടോ ആയിരം കൊല്ലങ്ങൾക്കപ്പുറം നിലനിന്നിരുന്നു. അവയുടെ അവശിഷ്ടങ്ങളും, ഭൂമിയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലും കണ്ടെത്തുന്ന പഴയ സംസ്ക്കാരങ്ങളുടെ അവശിഷ്ടങ്ങളും, ആഴിക്കടിയിൽ പെട്ടുപോയ പഴയ നാഗരികതകളും എല്ലാം കാണിക്കുന്നത്, മനുഷ്യ ചരിത്രത്തിൽ സർവ്വ വ്യാപകമായ നാശങ്ങൾ ഉണ്ടായ ഒരു കാലഘട്ടം കഴിഞ്ഞു പോയിട്ടുണ്ട് എന്നാണ്. അങ്ങിനെ നശിച്ചുപോയ സംസ്ക്കാരങ്ങളെപ്പററി ഗവേഷണം നടത്തുന്ന ചരിത്ര ഗവേഷകർക്ക്, അവശിഷ്ടങ്ങളിൽ കണ്ടെത്തിയ ലിഖിതങ്ങൾ (എഴുത്തുകൾ) പോലും വായിക്കാൻ സാധിച്ചിട്ടില്ല. 'കംപ്യൂട്ടർ' വായിക്കും എന്നു വിചാരിച്ചിരുന്നു; അതും ഇത്വരെ ഉണ്ടായിട്ടില്ല. ആ മനുഷ്യ സംസ്ക്കാരങ്ങൾ, അവയുടെ ഭാഷയും ലിപിയും വായിക്കുവാൻപോലും ഒരാളെ ബാക്കിവെക്കാതെ ഭൂമിക്കടിയിൽ പെട്ടുപോയി!

'മോഹൻജദാരോ ഹരപ്പ' എന്ന സിന്ധു നദീതട സംസ്ക്കാരത്തിൻെറ നാശത്തെപ്പററി പണ്ഡിററ് നെഹ്റുവിൻെറ ലോക ചരിത്രത്തിൽ പറയുന്ന ചില

കാര്യങ്ങൾ ശ്രദ്ധേയമാണ്. ജലസേചന പദ്ധതികളും നഗരങ്ങളും ഉണ്ടായിരുന്ന ഈ പുരാതന ഇന്ത്യൻ സംസ്കാരം പിൻഗാമികളില്ലാത്ത വണ്ണം ഭൂമിക്കടിയിൽപെട്ടു മണ്ണടിഞ്ഞുപോയതിന്റെ കാരണങ്ങളെപററി നെഹ്റു ഉറക്കെ ചിന്തിക്കയാണ്! പ്രകൃതി കോപംകൊണ്ടോ വെള്ളപ്പൊക്കംകൊണ്ടോ വിദേശാക്രമണംകൊണ്ടോ ഇത്ര വലിയ ഒരു പ്രദേശം നശിച്ചു നാമാവശേഷമായി എന്നുവെക്കാൻ പററുകയില്ല. പിന്നെ ബൈബിളിലും മററും പറയുന്നതുപോലെ ദൈവിക ശിക്ഷമൂലമാണെന്ന് വിശ്വസിക്കുവാനും അദ്ദേഹത്തിന് സാധിക്കുന്നില്ല. എന്നിട്ട്, അവരുടെ അണക്കെട്ടുകൾ തകർന്നത്കൊണ്ടുള്ള വെള്ളപ്പൊക്കംമൂലമോ മററോ ആയിരിക്കാം അവയുടെ നാശമുണ്ടായതെന്ന് കരുതി സമാധാനിക്കയാണു അദ്ദേഹം ചെയ്യുന്നത്. ചരിത്ര ഗവേഷകന്മാർക്കൊന്നും ഈ കാര്യത്തെപ്പററി ഇതിൽ കൂടുതലായി യാതൊന്നും പറയാനില്ല.

★

# അന്ധത ബാധിച്ച മനസ്സ്

നശിച്ചുപോയ പൂർവ്വിക സമുദായങ്ങളുടെ അവശിഷ്ടങ്ങൾ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും കുഴിച്ചെടുക്കപ്പെടുന്നു. സമുദ്രങ്ങൾക്കടിയിലും കണ്ടെത്തുന്നു. ആ സംസ്കാരങ്ങളുടെ കാലഘട്ടങ്ങളെപ്പററിയും നേട്ടങ്ങളെപ്പററിയും ലിഖിതങ്ങളെപ്പററിയുമെല്ലാം ഗവേഷണം നടത്തുന്ന ചരിത്ര ഗവേഷകന്മാർക്ക് ഒരു വിഷയത്തെപ്പററി അന്ധത ബാധിച്ചപോലെയാണ്! എന്തുകൊണ്ടാണ് ഈ സംസ്കാരങ്ങൾ ഇങ്ങനെ നശിച്ച് ഭൂമിക്കും ആഴിക്കും അടിയിൽപെട്ടത്? പല സിദ്ധാന്തങ്ങളും അനുമാനങ്ങളും അവർ മുന്നോട്ട് വെക്കുമെങ്കിലും, യഥാർത്ഥത്തിലുള്ള കാരണം കാണുവാൻ, അവരുടെ ചിന്താമണ്ഡലത്തിന് അന്ധത ബാധിച്ച പോലെയാണ്. അതാണ് പരിശുദ്ധ ഖുർആൻ പറയുന്നത്.

"എത്ര എത്ര രാജ്യങ്ങളാണ് നാം നശിപ്പിച്ചിട്ടുള്ളത് (അതിലെ ആളുകൾ) അക്രമകാരികളായതിനാൽ അങ്ങിനെ അവയുടെ മേൽക്കൂരകളിന്മേൽ അവ വീണു കിടക്കുന്നു. ത്യജിക്കപ്പെട്ട കിണറുകൾ, പടു

ത്തുയർത്തപ്പെട്ട സൌധങ്ങാം, (എത്ര—എത്ര)— എന്നാൽ അവർ ഭൂമിയിൽ സഞ്ചരിക്കുന്നില്ലേ? ചിന്തിക്കുവാനുള്ള ഹൃദയങ്ങളും കേഠംക്കുവാനുള്ള കാതുകളും അവർക്കുണ്ടെങ്കിൽ! എന്നാൽ കണ്ണുകളല്ല അന്ധമാവുക, നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുക''
—അൽഹജ്ജ്: 45, 46

ചരിത്രാവശിഷ്ടങ്ങാം കണ്ടുപിടിക്കുവാൻ ചരിത്ര ഗവേഷകൻമാരുടെ കണ്ണുകാംക്ക് കഴിയും. അവർക്ക് അന്ധത ബാധിക്കുകയില്ല; പക്ഷെ ആ പരിഷ്കാരങ്ങളുടെ നാശകാരണങ്ങളെപ്പററി ചിന്തിച്ച് മനസ്സിലാക്കാൻ, അവരുടെ ഹൃദയങ്ങാംക്ക് അന്ധത ബാധിക്കയാൽ, അവർക്ക് സാധ്യമാകുന്നില്ല. പണ്ഡിററ് നെഹ്റുവിനെപ്പോലെത്തന്നെ ചരിത്ര ഗവേഷകൻമാർക്കും പണ്ഡിതന്മാർക്കും പൊതുവിൽ പൂർവ്വിക സംസ്ക്കാരങ്ങളുടെ നാശത്തിനുള്ള കാരണം മനസ്സിലാക്കാൻ, അവരുടെ ഹൃദയങ്ങാംക്ക് ഖുർആൻ ചൂണ്ടിക്കാണിച്ചത് പോലെയുള്ള അന്ധത ബാധിക്കുക കാരണം, കഴിവില്ലാതെയാണിരിക്കുന്നത്. ദൈവിക ശിക്ഷമൂലമാണ് മോഹൻജദാരോ ഹാരപ്പയും മററു പുരാതന സംസ്ക്കാരങ്ങളും നശിച്ച് ഭൂമിക്കടിയിൽ പെട്ടത് എന്ന് പറഞ്ഞാൽ, അവർ അത് പുച്ഛിച്ചു തള്ളിക്കളയും. എന്നാൽ പരിശുദ്ധ ഖുർആൻ പല സ്ഥലത്തും ആവർത്തിച്ചുറപ്പിച്ച്, ''സത്യനിഷേധികളുടെ അന്ത്യം'' സംബന്ധിച്ച് പ്രസ്താവിക്കുകയും, അവരുടെ ചരിത്രങ്ങളിൽനിന്ന് പാഠം പഠിക്കുവാൻ മനുഷ്യരെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. ഭൂമിയിൽ സഞ്ചരിച്ച് സത്യനിഷേധികളായിരുന്ന പൂർവ്വിക സമുദായങ്ങാംക്കുണ്ടായ നിന്ദ്യമാ

യ ശിക്ഷകളുടെ ഫലമായി അവർക്കുണ്ടായ നാശത്തിന്റെ അവശിഷ്ടങ്ങൾ കാണുവാൻ, മനുഷ്യരോട് ഖുർആൻ പലയിടത്തും ആഹ്വാനം ചെയ്യുന്നു.

"പറയുക, നിങ്ങൾ ഭൂമിയിൽ യാത്രചെയ്യുകയും സത്യനിഷേധികളുടെ അന്ത്യം എങ്ങിനെയായിരുന്നുവെന്ന് നോക്കിക്കാണുകയും ചെയ്യുക."

(വി. ഖു. 6:11)

ഭൂമിയിൽ സഞ്ചരിച്ച് കാണുവാനാണ് പറയുന്നത്. ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും നടന്നിട്ടുള്ള വളരെ വ്യാപകമായ നാശമാണ് ചരിത്രാതീത കാലഘട്ടങ്ങളിൽ മനുഷ്യ സമൂഹങ്ങൾക്കുണ്ടായിട്ടുള്ളത്! അറേബ്യക്കടുത്ത പ്രദേശങ്ങളിലുണ്ടായിരുന്ന സമുദായങ്ങളുടെ ഉദാഹരണങ്ങളാണ് പ്രധാനമായും ഖുർആൻ എടുത്തുപറയുന്നതെങ്കിലും, ഭൂമിയിലെല്ലാ ഭാഗങ്ങളിലും നടന്നിട്ടുള്ള കാര്യമാണിത് എന്ന് ഖുർആന്റെ പല പരാമർശങ്ങളിൽനിന്നും വ്യക്തമാവുന്നുണ്ട്. കൂടാതെ മനുഷ്യ വർഗ്ഗത്തിന്റെ ഇതഃപര്യന്തമുള്ള വളർച്ചയിൽ, അല്ലാഹു സ്വീകരിച്ചിട്ടുള്ള അവന്റെ മാററമില്ലാത്ത ഒരു നടപടിക്രമം, ധാർമ്മിക സദാചാരമൂല്യങ്ങളെ ഇന്നത്തെ നിലയിലെങ്കിലും നിലനിർത്തുന്നതിലും മനുഷ്യ സമൂഹത്തെ മൃഗങ്ങളേക്കാൾ അധഃപതിച്ച നിലയിലേക്ക് ആപതിക്കുന്നതിൽനിന്ന് തടയുന്നതിലും എത്രമാത്രം സഹായിച്ചിട്ടുണ്ടെ എന്ന് ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. ധാർമ്മിക സദാചാര മൂല്യങ്ങൾ തകരുകയും, സമൂഹത്തിൽ നന്മയുടെ സ്ഥാനം തിന്മ കയ്യേറുകയും, മനുഷ്യർ മൃഗതുല്യരോ അതിലും അധഃപതിച്ചവരോ ആകുകയും

ദൈവദൂതന്മാരേയും നന്മയിലേക്ക് ക്ഷണിക്കുന്നവരെയും നിഷേധിക്കുകയും അവഹേളിക്കുകയും ഉപദ്രവിക്കുകയും മററും ചെയ്യുകയും, അവരേക്കാരം ദുഷിച്ചവരല്ലാതെ അവരിൽനിന്ന് ഉടലെടുക്കുകയില്ല എന്ന' ഉറപ്പാകുകയും ചെയ്താൽ ആ ജനതയെ അല്ലാഹു നശിപ്പിക്കുന്നു! ഈ നടപടി അല്ലാഹു സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ മനുഷ്യർ എന്നോ മനുഷ്യരല്ലാതാകുമായിരുന്നു. സമൂഹത്തിൽ നന്മയുടെ സ്ഥാനം തിന്മ കരസ്ഥമാക്കുക, ധർമ്മത്തിന് പകരം അധർമ്മവും സത്യത്തിന് പകരം അസത്യവും സമൂഹം മഹത്തായ കാര്യങ്ങളായി അംഗീകരിക്കുക അങ്ങിനെ മൂല്യങ്ങരം തലകീഴായി മറിഞ്ഞ ഒരു നിലവരിക എന്നത് വളരെ കുറഞ്ഞ കാലഘട്ടംകൊണ്ട് നടക്കാവുന്ന ഒരു പ്രതിഭാസമാണ്. സമൂഹത്തിലെ ഉന്നതരും പ്രമാണികളും സാംസ്ക്കാരിക നേതാക്കളും എല്ലാം ആ വഴിക്ക് നീങ്ങിയാൽ സാധാരണക്കാരും അവരെ പിന്തുടരുകയും ആ പോക്കിന് ആക്കം കൂടുകയുമായി.

## ചാവ്കടൽ

മനുഷ്യ ചരിത്രത്തിൽനിന്ന് ചില ഉദാഹരണങ്ങരം ഖുർആൻ എടുത്ത് കാട്ടുന്നത് നോക്കുക: ചാവുകടൽ (Dead Sea) എന്നറിയപ്പെടുന്ന ജോർഡാനിലുള്ള ജലാശയം, അവരുടെ നാട് തല കീഴായി മറിച്ചതിന്റെ സ്മാരകമായി ഇന്നും നിലനിൽക്കുന്നു. യാതൊരു ജീവനും വളരാത്ത ആ തടാകത്തിന്റെ അടിയിൽ നശിപ്പിക്കപ്പെട്ട രണ്ട് പട്ടണങ്ങളുടെ അവശിഷ്ടങ്ങരം ഇന്നും ബാക്കിനിൽക്കുന്നു. ആ പട്ടണ

ങ്ങളെയും ആ ജനതയെയും അല്ലാഹു നശിപ്പിച്ച കഥ ഖുർആൻ പല സ്ഥലങ്ങളിലായി വിവരിക്കുന്നു. മനുഷ്യ സംസ്കാരത്തെ അവർ തലകീഴായി മറിച്ചു. അവരുടെ രാജ്യത്തെ അല്ലാഹുവും തലകീഴായി മറിച്ചു! പ്രകൃതിപരമായ സ്ത്രീ-പുരുഷ ലൈംഗിക ബന്ധത്തിന് പകരം, പുരുഷനും പുരുഷനും തമ്മിലുള്ള ലൈംഗിക ബന്ധം, ആ ജനത അവരുടെ പാവന സംസ്കാരമായി സ്വീകരിച്ചു. അവരുടെ കവികളും സാഹിത്യകാരന്മാരും കവിതകളുടെയും നോവലുകളുടെയും ഇതിവൃത്തമായി സ്വീകരിച്ചിരുന്നത് പുരുഷനും പുരുഷനും തമ്മിലുള്ള പ്രേമബന്ധത്തെയായിരുന്നു. (നെഹ്റുവിന്റെ ലോകചരിത്രം) സ്ത്രീ പുരുഷ ലൈംഗിക ബന്ധത്തെ അവർ താഴ്ന്ന നീചമായ ഒരേർപ്പാടായി കരുതി. ഇവരുടെ ഈ അക്രമത്തെ എതിർത്ത ലൂത്ത് നബി (അ) യെ അവർ ദ്രോഹിക്കയും പരിഹസിക്കയും നാട്ടിൽനിന്ന് പുറത്തുപോകാൻ ആവശ്യപ്പെടുകയും ചെയ്തു. വിശുദ്ധ ഖുർആൻ അതിങ്ങിനെ വിശദീകരിക്കുന്നു.

''ലൂത്തിന്റെ ജനത പ്രവാചകന്മാരെ തിരസ്കരിച്ചു. അവരുടെ സഹോദരൻ ലൂത്ത് അവരോടു പറഞ്ഞ സന്ദർഭം ഓർക്കുക: നിങ്ങൾ സൂക്ഷ്മതയുള്ളവരാകയില്ലേ, തീർച്ചയായും ഞാൻ നിങ്ങൾക്കുള്ള വിശ്വസ്തനായ ദൂതനാണ്. അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുക, എന്നെ അനുസരിക്കുകയും ചെയ്യുക. ഞാൻ നിങ്ങളിൽനിന്ന് ഒരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം ലോകങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് മാത്രമാകുന്നു. നിങ്ങൾ ലോകരിൽ പുരുഷന്മാരുടെ അടുത്തേക്കാണോ

ചെല്ലുന്നത്? നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് സൃഷ്ടിച്ചിട്ടുള്ള ഇണകളെ നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നു! എങ്കിൽ നിങ്ങൾ അക്രമകാരികളായ ഒരു ജനതയാകുന്നു.'' അവർ പറഞ്ഞു ''ലൂത്തേ, നീ ഇതിൽനിന്ന് വിരമിച്ചില്ലെങ്കിൽ, നീ (നാട്ടിൽനിന്ന്) പുറത്താക്കപ്പെടുന്നവരിൽ പെട്ടവനായിത്തീരും.''
(ശുഅറാഅ് 160_167)

ലൂത്ത്നബി(അ)യുടെ ഒററ കുടുംബമൊഴിച്ച് നാട് മുഴുവൻ അദ്ദേഹത്തിന്നെതിരായി. പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധത്തെ നാട്ടിൻെറ സംസ്കാരമായും അംഗീകൃതവും ഉത്തമവുമായ ഒരു സമ്പ്രദായമായും ജനതയാകെ കരുതി. 'നിങ്ങളുടെ ഇടയിൽ സന്മാർഗ്ഗിയായി ഒരു പുരുഷൻ പോലുമില്ലേ?' എന്ന് ലൂത്ത്നബി നിസ്സഹായനായി ചോദിക്കാൻ മാത്രം അദ്ദേഹം ഒററപ്പെട്ടു. 'നൻമ'യുടെ സ്ഥാനം 'തിൻമ' കയ്യേറി കൈവശപ്പെടുത്തിയതിൻെറ ഒരു ഉത്തമ ഉദാഹരണമാണിത്. ആ ജനതയെ നശിപ്പിച്ചതിനെപ്പററി പരിശുദ്ധ ഖുർആൻ പലയിടങ്ങളിലും ഓർമ്മിപ്പിക്കുന്നു.

''ലൂത്തിൻെറ ജനത താക്കീതുകളെ നിഷേധിച്ചു. നാം അവരുടെ മേൽ ഒരു ചരൽ കാററയച്ചു (നശിപ്പിച്ചു). ലൂത്തിൻെറ കുടുംബമൊഴിച്ച്, നമ്മിൽനിന്നുള്ള ഒരനുഗ്രഹമായിക്കൊണ്ട്. അപ്രകാരം നന്ദി കാണിക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നു. നമ്മുടെ കഠിനശിക്ഷയെപ്പററി അദ്ദേഹം തീർച്ചയായും അവർക്ക് താക്കീത് നൽകിയിരുന്നു. അപ്പോൾ അവർ താക്കീതുകളെപ്പററി തർക്കം നടത്തി. അദ്ദേഹത്തിൻെറ

അതിഥികളെ വിട്ട് കൊടുക്കാൻ അവർ അദ്ദേഹത്തോടാവശ്യപ്പെട്ടു. അപ്പോൾ നാം അവരുടെ കണ്ണുകളെ തുടച്ചുനീക്കിക്കളഞ്ഞു. 'ഇനി നിങ്ങൾ എന്റെ ശിക്ഷയും താക്കീതും രുചിച്ചറിയുക.' സ്ഥിരപ്പെട്ട ഒരു ശിക്ഷ പ്രഭാത സമയത്ത് അവരെ ബാധിച്ചു,''

(അൽഖമർ 33–38)

അവർ അവരുടെ നീചവൃത്തിയിൽനിന്ന് ആരെയും ഒഴിവാക്കിയില്ല – പുരുഷ വേഷത്തിൽ വന്ന ദൈവ ദൂതന്മാരായ മലക്കുകളെയും അവർ വിട്ടില്ല. രാജ്യത്തെ പ്രമാണികളും നേതാക്കളുമായിരുന്ന ആളുകൾ ഈ ദുർവൃത്തിക്ക് നേതൃത്വം കൊടുക്കുന്നവരായിത്തീർന്നു. സമൂഹമാകെ അതിന്റെ പിന്നിൽ അണിനിരന്നു. പ്രവാചകനായ ലൂത്ത് (അ) ഒററക്ക്, ആ ജനതയെ ഈ വഷളായ പാപത്തിൽനിന്ന് പിന്തിരിപ്പിക്കാൻ നോക്കിയേടത്തോളം, അവർ അദ്ദേഹത്തെ ദ്രോഹിച്ചു, പരിഹസിച്ചു. മനുഷ്യർ മൃഗങ്ങളെക്കാൾ അധ:പതിച്ചു. ആ സംസ്ക്കാരത്തിന്റെ അനന്തരാവകാശികളായി വരുന്ന തലമുറയുടെ സ്ഥിതി എന്തായിരിക്കും? ഇങ്ങിനെ നന്മയുടെ സ്ഥാനം തിന്മ കയ്യേറുകയും പ്രവാചകന്മാരെ അവർ തിരസ്കരിക്കുകയും ഭാവിയിൽ അവരിൽനിന്ന് അവരെക്കാൾ അധമന്മാർ മാത്രമെ ജനിച്ച് വരികയുള്ളു എന്നു വരികയും ചെയ്യുമ്പോൾ, ആ സമൂഹം നശിപ്പിക്കപ്പെടുന്നു. ഈ നടപടിക്രമം അല്ലാഹു സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ മനുഷ്യസമൂഹം എന്നോ മൃഗങ്ങളെക്കാൾ അധ:പതിച്ച എന്തോ ആകുമായിരുന്നു. അതുകൊണ്ടാണ്, ഇങ്ങിനെ നശിപ്പിച്ച കാര്യം പറഞ്ഞ

ശേഷം, പരിശുദ്ധ ഖുർആൻ സർവ്വലോക രക്ഷിതാവിന്നാണ് എല്ലാ സ്തുതിയും എന്നു പറയുന്നത്.

''അക്രമം പ്രവർത്തിച്ച ജനത പിൻഗാമികളില്ലാത്തവണ്ണം മുറിക്കപ്പെട്ടു. സർവ്വലോക രക്ഷിതാവിന്നാണ് സർവ്വസ്തുതിയും.'' (അൽഅൻആം 45)

## പാപം നശിപ്പിച്ച തലമുറകൾ

മനുഷ്യ സമൂഹത്തിന്റെ ചരിത്രത്തിൽ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും, ചരിത്രാതീത കാലത്തും ചരിത്ര കാലങ്ങളിലും അല്ലാഹുവിന്റെ നടപടിക്രമം, നടപ്പിൽ വന്നിട്ടുണ്ട്. അങ്ങിനെ നശിപ്പിക്കപ്പെട്ട സമുദായങ്ങളുടെ എണ്ണം അല്ലാഹുവിന്നല്ലാതെ അറിയില്ല എന്നാണ് പരിശുദ്ധ ഖുർആൻ പറയുന്നത്. ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും മനുഷ്യ സമൂഹങ്ങളിലേക്ക്, ദൈവദൂതൻമാർ അയക്കപ്പെടുകയും, അവരെല്ലാം തിരസ്കരിക്കപ്പെടുകയും, അങ്ങിനെ വിപുലമായ തോതിൽ നാശങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുള്ള ഒരു കാലഘട്ടം കഴിഞ്ഞു പോയിട്ടുണ്ട്. ചരിത്രാവശിഷ്ടങ്ങളിൽ മിക്കവയും, ആ കാലഘട്ടത്തേതായിരിക്കും.

''നിങ്ങളുടെ മുമ്പ് (കഴിഞ്ഞുപോയവരുടെ) വർത്തമാനം നിങ്ങൾക്ക് എത്തിയില്ലയോ – നൂഹിന്റെ ജനതയുടെയും ആദ് സമൂദ് എന്നിവരുടെയും അവർക്ക് ശേഷമുള്ളവരുടെയും. അല്ലാഹുവല്ലാതെ അവരെ അറിയുകയില്ല. വ്യക്തമായ തെളിവുകളോടെ പ്രവാചകന്മാർ അവരിലേക്ക് വന്നു. അപ്പോൾ അവരുടെ കൈകൾ അവരുടെ വായിലേക്ക് തിരിച്ചു (അ

വർ നിഷേധിച്ചു) അവർ പറയുകയും ചെയ്തു! നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടുവോ അത് ഞങ്ങൾ അവിശ്വസിച്ചു. നിങ്ങൾ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെപ്പററി ഞങ്ങൾ സംശയത്തിലുമാണ്.'' (ഇബ്റാഹീം 9)

നൂഹ്നബിയുടെ കാലത്തുണ്ടായ പ്രളയത്തിന് ശേഷം വളർന്ന് വികസിച്ചുവന്ന ജനവിഭാഗങ്ങളിലേക്ക് ദൈവദൂതന്മാരെ അയക്കുകയും, ഭൂമിയുടെ എല്ലാ ഭാഗങ്ങളിലുമുള്ള സമൂഹങ്ങൾ ആ ദൂതന്മാരെ നിഷേധിക്കയും പരിഹസിക്കയും മർദ്ദിക്കയും ചെയ്യുകയും ആ സമൂഹങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങിനെ നശിപ്പിക്കപ്പെട്ട സമൂഹങ്ങൾ എണ്ണമററതാണ്. ഈ കാലഘട്ടത്തിൽ, നൂഹ്നബിയുടെ കാലശേഷം ഏകദേശം മൂസാനബിയുടെ കാലംവരെ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും നടന്നിട്ടുള്ള മനുഷ്യ സംസ്കാരങ്ങളുടെ തുടരെ തുടരെയുള്ള നാശം, നമ്മെ സംബന്ധിച്ചേടത്തോളം ചരിത്രാതീത കാര്യങ്ങളാണ്.

ഭൂമിയുടെ ഏതു ഭാഗത്ത് കുഴിച്ചുനോക്കിയാലും സമുദ്രങ്ങളുടെ ആഴത്തിൽ മുങ്ങിത്തപ്പിയാലും, മനുഷ്യ സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കാണാം– വളരെ അധികം പുരോഗമിച്ചിരുന്ന 'ഇന്ഡസ്‌വാലി' സംസ്കാരവും (മോഹൻജദാരോഹാരപ്പ) ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും അമേരിക്കകളിലും ഭൂമിക്കടിയിലും പുറത്തും കാണാവുന്ന സംസ്കാ

രങ്ങളുടെ അവശിഷ്ടങ്ങളും, മദ്ധ്യധരണ്യാഴിയിലും അററ്ലാൻറിക്കിലും മററു സമുദ്രങ്ങളിലും ആണ്ട് കിടക്കുന്ന പുരാതന പട്ടണങ്ങളുടെയും രാജ്യങ്ങളുടെയും മററും അവശിഷ്ടങ്ങളുമെല്ലാം ഈ കാലഘട്ടത്തിലെ വിപുലമായ തുടരെതുടരെയുണ്ടായ ദൈവികശിക്ഷയുടെ തെളിവുകളാണ്. പ്ളേറേറാവിൻെറ അററ്ലാൻറിസ് വൻകരയെപ്പററിയും മുങ്ങിപ്പോയ പട്ടണങ്ങളെപ്പററിയും മററുമുള്ള പരാമർശങ്ങൾ വെറും ഭാവനകൾ മാത്രമാണെന്ന് ധരിക്കേണ്ട. അമേരിക്കകളും പഴയ ലോകങ്ങളുമായി പൂർവ്വികമായി ബന്ധപ്പെട്ടിരുന്നു. പക്ഷെ ബന്ധിപ്പിച്ചിരുന്ന രാജ്യങ്ങളും പട്ടണങ്ങളും കടലിന്നടിയിൽ പോകുകയും, കാലാന്തരത്തിൽ പഴയ ലോകത്തിന്, അമേരിക്കകളെ പററിയുള്ള എല്ലാ വിവരങ്ങളും ഇല്ലാതായിത്തീരുകയും ചെയ്തു. പിന്നീട് ആകസ്മികമായി കൊളംബസ് കണ്ടുപിടിച്ചപ്പോൾ മാത്രമാണ് അങ്ങനെ ഭൂമിയിൽ ഒരു ഭാഗമുള്ളതായി ഏഷ്യയിലും യൂറോപ്പിലുമുള്ളവർ അറിഞ്ഞത്! എന്നാൽ തെക്കെ അമേരിക്കയിലെയും സ്പെയിൻ മുതലായ യൂറോപ്യൻ രാജ്യങ്ങളിലെയും ജനതകളുടെ ഭാഷകളും സംസ്കാരങ്ങളും തമ്മിൽ സാദൃശ്യവും ബന്ധവും ഉള്ളതിൽനിന്ന് മനസ്സിലാകുന്നത്, പൗരാണികകാലത്ത് ഇരുരാജ്യങ്ങളും തമ്മിൽ ബന്ധമുണ്ടായിരുന്നുവെന്നാണ്. ഏതായാലും ഇത്രയും വമ്പിച്ച ഒരു വിടവ് മനുഷ്യചരിത്രത്തിൽ ഉണ്ടാകത്തക്കവണ്ണമുള്ള നാശം ജനപദങ്ങൾക്ക് ചരിത്രാതീത കാലത്ത് നേരിട്ടിട്ടുണ്ട്. ലക്ഷത്തിൽപരം ദൈ

പ്രവാചകൻമാരെ മനുഷ്യ വർഗ്ഗത്തിന് ദൈവിക സന്ദേശം എത്തിക്കാൻ അല്ലാഹു എഴുന്നേൽപിക്കുകയും, അവരിൽ ബഹുഭൂരിപക്ഷവും ജനങ്ങളാൽ തിരസ്കരിക്കപ്പെടുകയും തൽഫലമായി ആ ജനങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തുവെന്നത് ഒരു ചരിത്ര സത്യമാണെന്ന് കരയിലും കടലിലും മറിഞ്ഞു കിടക്കുന്ന പൂർവ്വസംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ വിളിച്ചു പറയുന്നു.

★

# ബാലിശമായ വിശദീകരണം

''പിന്നീട് അവർക്കുശേഷം മറെറാരു തലമുറയെ നാം വളർത്തിക്കൊണ്ടുവന്നു. അവരിൽനിന്ന് ഒരു ദൂതനെ അവരിലേക്ക് നാം അയച്ചു. 'അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് വേറെ ആരാധ്യനില്ല. നിങ്ങൾ സൂക്ഷ്മതയുള്ളവരാകയില്ലേ? അവിശ്വസിക്കുകയും പരലോകത്തെ കൂടിക്കാഴ്ചയെ നിഷേധിക്കുകയും, ലൗകികജീവിതത്തിൽ നാം ജീവിത സൗകര്യങ്ങൾ നൽകുകയും ചെയ്തിട്ടുള്ളവരായിരുന്ന അദ്ദേഹത്തിൻെറ (ദൂതൻെറ) ജനതയിലെ പ്രമാണികൾ പറഞ്ഞു: 'നിങ്ങളെപ്പോലുള്ള ഒരു സാധാരണ മനുഷ്യൻ മാത്രമാണിത്. നിങ്ങൾ ഭക്ഷിക്കുന്നതിൽനിന്ന് അയാളും ഭക്ഷിക്കുന്നു. നിങ്ങൾ കുടിക്കുന്നതിൽനിന്ന് അയാളും കുടിക്കുന്നു. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കയാണെങ്കിൽ, നിങ്ങൾ നഷ്ടക്കാർ തന്നെ! നിങ്ങൾ മരിക്കുകയും നിങ്ങൾ മണ്ണും അസ്ഥിശകലങ്ങളും ആയിത്തീരുകയും ചെയ്യുമ്പോൾ (നിങ്ങളെ ജീവിപ്പിച്ച്) പുറത്ത് കൊണ്ടുവരപ്പെടുമെന്ന് അയാൾ നിങ്ങളോട് മുന്നറിയിപ്പ് നൽകുന്നു! എത്ര

എത്ര വിദൂരമാണ് നിങ്ങളോട് മുന്നറിയിപ്പ് നൽകപ്പെടുന്ന ആ കാര്യം! ഇഹലോകത്തിലെ നമ്മുടെ ജീവിതമല്ലാതെയൊന്നുമില്ല. നാം മരിക്കയും ജീവിക്കയും ചെയ്യുന്നു. നാം (വീണ്ടും) ഉയർത്തപ്പെടാൻ പോകുന്നില്ല. അല്ലാഹുവിൻെറ പേരിൽ അസത്യം കെട്ടിച്ചമച്ച ഒരു മനുഷ്യൻ മാത്രമാണ് അയാരം. ഞങ്ങരം അയാളിൽ വിശ്വസിക്കാൻ പോകുന്നില്ല, അദ്ദേഹം (ദൈവദൂതൻ) പറഞ്ഞു 'രക്ഷിതാവേ! എന്നെ സഹായിക്കേണമേ, അവർ എന്നിൽ 'കളവ്'' ആരോപിച്ചിരിക്കയാൽ'. അല്ലാഹു പറഞ്ഞു. 'ഒരു അൽപനേരം! അവർ തീർച്ചയായും മനസ്താപത്തിലായിത്തീരും' അപ്പോഴേക്കും ആ ശബ്ദം അവരെ ന്യായമായും പിടികൂടി. അങ്ങിനെ അവരെ വെറും ചവറാക്കി മാററി, അങ്ങനെ അക്രമികളായ ജനത വിദൂരതയിലായി. പിന്നെ അവർക്ക് ശേഷം വേറെ തലമുറകളെ നാം കൊണ്ടുവന്നു. ഒരു ജനതക്കും അതിൻെറ അവധിക്കപ്പുറം കടക്കുവാൻ ഒക്കുകയില്ല. അവർക്ക് ചിന്തിക്കുവാനും കഴിയുകയില്ല. പിന്നീട് നമ്മുടെ ദൂതൻമാരെ തുടരെ തുടരെ നാം അയച്ചു. ഓരോ ജനതയിലും അവരിലേക്ക് നിയോഗിക്കപ്പെട്ട ദൂതൻ ചെന്നപ്പോഴൊക്കെ അവർ നിഷേധിച്ചു. അതുകൊണ്ട് ആ ജനതകളെ ഒന്നിനു പുറകെ മറെറാന്നായി നാം (നാശത്തിലേക്ക്) അയച്ചു. അങ്ങിനെ അവരെ നാം കഥാവിശേഷരാക്കി. വിശ്വസിക്കാത്ത ആ ജനതകരം വിദൂരതയിലായി. പിന്നീട് മൂസയേയും അദ്ദേഹത്തിൻെറ സഹോദരൻ ഹാറൂനേയും നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ രേഖയുമായി നാം അയച്ചു.'' (അൽമുഅ്മിനൂൻ) 31-45

നൂഹ്നബിയുടെ കാലത്തുണ്ടായ പ്രളയത്തിന്ന് ശേഷം മൂസാനബിയുടെ കാലംവരെയുള്ള ദീർഘമായ കാലഘട്ടത്തിൽ, ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും ഉണ്ടായിട്ടുള്ള സമുദായങ്ങളുടെ വളർച്ചയും തകർച്ചയും, സംസ്കാരങ്ങളുടെ ഉയർച്ചകളും നാശങ്ങളും, അവക്കെല്ലാമുള്ള കാരണങ്ങളും അല്ലാഹു ചൂണ്ടിക്കാണിച്ചു തരുന്നു. പ്രവാചകൻമാരെ തിരസ്കരിക്കയും ദ്രോഹിക്കയും പരിഹസിക്കയും ചെയ്യുക. പരലോകജീവിതത്തെ പററെനിഷേധിക്കുക, ബഹുദൈവാരാധനയിലും മററുള്ള തിൻമകളിലും ഉറച്ച് നിൽക്കുക എന്നിങ്ങനെയുള്ള കാരണങ്ങളാൽ തുടർച്ചയായി നിരവധി രാജ്യങ്ങളും തലമുറകളും നശിപ്പിക്കപ്പെട്ട കാലഘട്ടമാണത്. ഏകദേശം അയ്യായിരം കൊല്ലങ്ങൾക്കുമുമ്പ് ഒരു നീണ്ട കാലത്ത്, ആയ രക്കണക്കിൽ ദൈവദൂതൻമാർ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും ജനങ്ങളോട് പ്രബോധനം ചെയ്യുകയും, അവരെല്ലാം കളവാരോപിക്കപ്പെട്ട് നിഷേധിക്കപ്പെടുകയും, ആ ജനതകളും അവരുടെ സംസ്കാരങ്ങളും നശിപ്പിക്കപ്പെട്ടു; മിക്കതും ഭൂമിക്കടിയിൽ കുഴിച്ച് മൂടപ്പെടുകയും ചെയ്തു. മോഹൻജദാരോ- ഹരപ്പ ഉൾപ്പെടുന്ന ഇൻഡസ്വാലി സംസ്ക്കാരവും, മിക്കവാറും എല്ലാ രാജ്യങ്ങളിലും കുഴിച്ചെടുക്കപ്പെടുന്ന ചരിത്രാവശിഷ്ടങ്ങളും ഈ കാലത്തുണ്ടായ വിപുലമായ നാശത്തിന്റെ സ്മാരകങ്ങളാണ്. ഒരു പക്ഷേ 'അററ്ലാണ്ടിസ്' വൻകരയെപ്പററിയുള്ള ഐതിഹ്യവും സത്യമായിരിക്കാം. ഇംഗ്ളണ്ട് ഐർലാണ്ട് ഐസ്ലാണ്ട് മുതലായ ചില തുരുത്തുകൾ അവശേഷിച്ച് ബാക്കി എല്ലാം കടലിന്നടിയിൽപെട്ടതായിരിക്കാം. നശിപ്പി

ക്കപ്പെട്ട ജനതകളിൽ ബാക്കിയായവർ ഇങ്ങിനെയുള്ള ദ്വീപുകളിലും, ധ്രുവപ്രദേശങ്ങളിലും ഓടി രക്ഷപ്പെട്ട് ആദിവാസികളും എസ്കിമോകളും എല്ലാമായി മനുഷ്യ പുരോഗതിയുടെ മുഖ്യധാരയിൽനിന്ന് ഒഴിഞ്ഞ് മാറി നിന്നിട്ടുണ്ടാവാം. ഈ വിഷയം പിന്നീട് പ്രതിപാദിക്കാം.

''എന്നാൽ ഓരോരുത്തരേയും അവരുടെ പാപം കാരണം നാം പിടിച്ചു ശിക്ഷിച്ചു. അങ്ങിനെ നാം കൊടുങ്കാററിനെ അയച്ച് (നശിപ്പിച്ചവർ) അവരിലുണ്ട്. ഉഗ്രശബ്ദം പിടികൂടിയിട്ട് (നശിച്ചവർ) അവരിലുണ്ട്. ഭൂമി ഗ്രസിക്കുവാൻ നാം ഇടയാക്കിയവർ അവരിലുണ്ട്. നാം മുക്കി നശിപ്പിച്ചവർ അവരിലുണ്ട്. അല്ലാഹു അവരോട് അക്രമം ചെയ്തിട്ടില്ല. അവർ തന്നെയാണ് അവരോട് അക്രമം ചെയ്തുകൊണ്ടിരുന്നത്.'' (അൻക്കബൂത്ത് 40)

അറേബ്യയുടെ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന മുൻ സമുദായങ്ങൾക്കുണ്ടായ ശിക്ഷകളേയും നാശങ്ങളേയുമാണ്, ഉദാഹരണങ്ങളായി ഖുർആൻ പലപ്പോഴും എടുത്തു കാട്ടുന്നത് എന്നിരിക്കിലും ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും നടന്നിട്ടുള്ള കാര്യമാണ് ഇത്. കൊടുങ്കാററുകൊണ്ട് നശിപ്പിക്കപ്പെട്ട ആദ് വർഗ്ഗത്തെപ്പററി ഖുർആൻ പറയുന്നുണ്ട്. ഘോരനാദം കൊണ്ട് നശിപ്പിക്കപ്പെട്ട സമൂദ് സമുദായത്തെപ്പററിയും. ഭൂമിയിൽ താഴ്ന്നുപോയവരും വെള്ളത്തിൽ മുക്കി നശിപ്പിക്കപ്പെട്ടവരും, മററു പല വിധത്തിലുള്ള ശിക്ഷകൾക്ക് വിധേയരായവരും ഖുർആനിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഒരു സങ്കുചിത അർത്ഥത്തിൽ മാത്രമെടുക്കാതെ വിശാലമായ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോാം, ചരിത്രകാലത്തും ചരിത്രാതീത കാലത്തും മനുഷ്യ വർഗ്ഗത്തിന്നുണ്ടായിട്ടുള്ള നാശങ്ങളിലേക്ക് വെളിച്ചം വീശുന്ന പരിശുദ്ധ ഖുർആനിലെ പരാമർശങ്ങൾ, ചരിത്ര ഗവേഷകന്മാരാരും കണക്കിലെടുത്ത് കാണുന്നില്ല. ദൈവിക ശിക്ഷമൂലമാണ് പുരാതന സംസ്കാരങ്ങൾ നശിച്ച് മണ്ണിന്നടിയിലും കടലിന്നടിയിലും അകപ്പെട്ടത് എന്ന് ചിന്തിക്കുവാൻ അന്ധത ബാധിച്ച അവരുടെ ബുദ്ധിമണ്ഡലം കൂട്ടാക്കുന്നില്ല. ഇൻഡസ്‌വാലി സംസ്കാരത്തിന്റെ നാശത്തെപ്പററി ഒരു എൻസൈക്ലോപീഡിയയിലുള്ള ചില പരാമർശങ്ങൾ നോക്കുക: ''എങ്ങിനെയാണ് ആയിരക്കണക്കിൽ ആളുകൾ താമസിച്ചിരുന്ന പട്ടണങ്ങൾ ഇങ്ങിനെ അപ്രത്യക്ഷമായതും മറക്കപ്പെട്ടതും? ഏകദേശം ക്രിസ്തുവിന്ന് 1500 കൊല്ലങ്ങൾക്ക്മുമ്പ്, വലിയൊരാപത്ത് ഈ ഇൻഡസ് പട്ടണങ്ങളെ ബാധിച്ചിരിക്കണം. ഒരു പക്ഷെ വിദേശ ആക്രമികൾ അവരെ കീഴടക്കിയിരിക്കാം. ആ പട്ടണത്തിലെ തെരുവുകളിൽ ജനങ്ങൾ മരിച്ച് കിടന്ന്, അവരെ മറവ് ചെയ്യാൻ ആരും ബാക്കിയുണ്ടായില്ല. കുറച്ച് കാലം കഴിഞ്ഞപ്പോാം ചുമരുകൾ അവരുടെ മേൽ വീഴുകയും എല്ലുകളെ മൂടുകയും ചെയ്തിരിക്കണം. നൂററാണ്ടുകളിലൂടെ അടിച്ച കാററുകൾ അവക്ക് മീതെ പൊടിപടലങ്ങളുടെ കൂമ്പാരമുണ്ടാക്കി. പിൽകാലത്തെ ജനങ്ങൾ ഈ കൂമ്പാരങ്ങൾ കണ്ടിട്ട് അവിടെ മുമ്പ് ഒരു പട്ടണമുണ്ടായിരുന്നു എന്ന് മനസ്സിലാക്കിയില്ല. ഇരുപതാം നൂററാണ്ടിൽ ചരിത്ര ഗവേഷകൻമാർ കുഴിച്ചെടുത്തപ്പോഴാണ് ഈ പട്ടണങ്ങളെപ്പററി അറിയുന്നത്''.

എത്ര ബാലിശമായ വിശദീകരണമാണ് ചരിത്ര ഗവേഷകൻമാർ നൽകിയിട്ടുള്ളത്! വിദേശാക്രമണം കൊണ്ട് രാജ്യത്തെ എല്ലാ മനുഷ്യരും മരിക്കയും, അവരെ മറവ് ചെയ്യാൻ ആളില്ലാതെ അങ്ങിനെ കിടക്കുകയും, ചുമരുകളും വീടുകളും വീണു കാലാന്തരത്തിൽ നശിക്കയും ചെയ്തിട്ട്, പിന്നെയുള്ള തലമുറകൾക്കൊന്നും ഈ കാര്യം അറിയാതെ പോകുന്നത് എങ്ങിനെയാണ്? ദൈവീകമായ ശിക്ഷമൂലം പെട്ടെന്നുണ്ടായ ഒരു നാശം മൂലമായിരിക്കണം ആ ജനതയും അവർ പടുത്തുയർത്തിയിരുന്ന സംസ്കാരവും നശിച്ചത്. ഭയങ്കരമായ ശബ്ദം മൂലമുള്ള നാശമോ, വളരെ വിപുലമായ നിലയിലുള്ള ഭൂകമ്പം മൂലമോ, അവർ നശിച്ച് ഭൂമിക്കടിയിൽപെട്ടു ചരിത്രാവശിഷ്ടങ്ങളായിത്തീർന്നു. ഇന്ന് ഭൂമിയുടെ പല ഭാഗങ്ങളിലും ചരിത്രാവശിഷ്ടങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കയാണ്. അമേരിക്കകളിലും റഷ്യയുടെ പല ഭാഗങ്ങളിലും പുരാതന സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കയാണ്. അടുത്ത കാലത്ത് ഒരു അമേരിക്കൻ ചരിത്ര ഗവേഷകൻ അഭിപ്രായപ്പെട്ടതുപോലെ, ഇന്നത്തേക്കാൾ ജനങ്ങൾ താമസിച്ചിരുന്ന ഒരു കാലം ഭൂമിയിൽ കഴിഞ്ഞുപോയിട്ടുണ്ടായിരിക്കാം. ഭൂമിയുടെ ഏത് ഭാഗത്തു കുഴിച്ചുനോക്കിയാലും അയ്യായിരം കൊല്ലങ്ങൾക്ക് മുമ്പ് നശിച്ച് പോയ പുരാതന സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തുന്നത് ഈ നിഗമനത്തിന്ന് ആക്കം കൂട്ടുന്നു!

## ഖുർആന്റെ ആഹ്വാനം

''അവർ ഭൂമിയിൽ സഞ്ചരിച്ച് അവരുടെ മുമ്പ് കഴിഞ്ഞുപോയവരുടെ അന്ത്യം എങ്ങിനെയായിരുന്നുവെന്ന് നോക്കുന്നില്ലയോ? അവർ ഇവരേക്കാൾ ശക്തിയിൽ മികച്ചവരായിരുന്നു. അവർ ഭൂമി ഉഴുത് (കൃഷി ചെയ്യുകയും) ഇവർ അധിവസിച്ചതിനേക്കാൾ (എണ്ണത്തിൽ) അധികം അധിവസിക്കുകയും ചെയ്തിരുന്നു. വ്യക്തമായ തെളിവുകളുമായി പ്രവാചകൻമാർ അവരിലേക്ക് വന്നു. എന്നാൽ അല്ലാഹു അവരെ ദ്രോഹിച്ചില്ല. അവർതന്നെയാണ് അവരോട് അക്രമം പ്രവർത്തിച്ചത്.'' (അർറൂം 9)

പരിശുദ്ധ ഖുർആൻ പറഞ്ഞ ഈ കാര്യം ഖുർആൻ ഇറങ്ങിയ കാലത്തേക്കും, അറബ് ജനതക്കും മാത്രം ബാധകമായതാണ് എന്ന് വെക്കുന്നില്ലെങ്കിൽ, അവസാന നാൾവരെയുള്ള ജനങ്ങൾക്ക് ബാധകമാണെങ്കിൽ, ഒരു കാലത്ത് ഭൂമിയിൽ ഇന്നത്തേക്കാൾ അധികം ജനസാന്ദ്രതയുണ്ടായിരുന്നുവെന്ന് വേണം അനുമാനിക്കാൻ! ഒരു ലക്ഷത്തിന്ന് മീതെ പ്രവാചകന്മാർ മനുഷ്യരോട് പ്രബോധനം ചെയ്തിട്ടുണ്ട് എന്ന് വരുമ്പോൾ, ചരിത്രാതീത കാലത്ത് വിപുലമായ ദൈവീക ശിക്ഷയും നാശങ്ങളും ഉണ്ടായ ആ കാലഘട്ടത്തിലും അതിന്ന് മുമ്പും, പരിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടിയതുപോലെ, ഭൂമിയിൽ ഇന്നത്തേതിലും ജനവാസമുണ്ടായിരുന്നിരിക്കാം. ചൈനയിലും റഷ്യയിലും മദ്ധ്യപൂർവ്വദേശങ്ങളിലും യൂറോപ്പിലും, അററ്ലാൻഡിക്ക് വൻകരയിലും മററു നശിപ്പിക്കപ്പെട്ട നിരവധി രാജ്യങ്ങളിലുമായി പൂർവ്വീ

ക മനുഷ്യർ കൃഷിയും കച്ചവടവുമായി ഇന്നത്തേതി ലും എണ്ണത്തിൽ വർദ്ധിച്ചിരുന്ന ഒരു കാലഘട്ടം കഴിഞ്ഞുപോയിട്ടുണ്ടാകാം.

''അവർക്ക് മുമ്പ് എത്ര തലമുറകളെ നാം നശിപ്പിച്ചുവെന്ന് അവർ കാണുന്നില്ലേ? നിങ്ങൾക്ക് നാം ഉറപ്പിച്ചു തന്നിട്ടില്ലാത്ത വിധം അവരെ നാം ഭൂമിയിൽ ഉറപ്പിച്ചു താമസിപ്പിച്ചു സമൃദ്ധിയായി മഴ പെയ്യുന്ന നിലയിൽ ആകാശത്തെ (മേഘങ്ങളെ) നാം അവർക്ക് അയച്ചുകൊടുത്തു. അവരുടെ താഴെ ഒഴുകിക്കൊണ്ടിരിക്കുന്ന നദികൾ നാം അവർക്ക് ഉണ്ടാക്കിക്കൊടുത്തു. എന്നാൽ അവരുടെ പാപങ്ങൾ കാരണം നാം അവരെ നശിപ്പിക്കുകയും അവർക്കുശേഷം മറ്റൊരു തലമുറയെ നാം വളർത്തിക്കൊണ്ടുവരികയും ചെയ്തു. (അൻആം:6)

വളരെ സമൃദ്ധിയിലും ഐശ്വര്യത്തിലും ജീവിച്ചിരുന്ന പൌരാണിക മനുഷ്യ സമൂഹങ്ങൾ ദൈവദൂതന്മാരെ നിഷേധിക്കുകയും പരിഹസിക്കുകയും ദ്രോഹിക്കുകയും ചെയ്തതുമൂലം നശിപ്പിക്കപ്പെട്ടതിന്റെ അവശിഷ്ടങ്ങൾ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും കണ്ടെത്തപ്പെടുന്നു. പക്ഷെ, ചരിത്ര പണ്ഡിതന്മാർക്കും ഗവേഷകൻന്മാർക്കും നാശത്തിന്റെ കാരണങ്ങൾ കണ്ടെത്താൻ സാധിക്കുന്നില്ല. പരിശുദ്ധ ഖുർആൻ പറയുന്നതുപോലെ, അവരുടെ കണ്ണുകൾക്ക് അന്ധത ബാധിച്ചിട്ടില്ല. പക്ഷെ നെഞ്ചുകൾക്കുള്ളിലുള്ള ഹൃദയങ്ങൾക്ക് അന്ധത ബാധിച്ചിരിക്കയാണ്. അതുകാരണം, ചരിത്ര പഠനംകൊണ്ടും ഗവേഷണങ്ങൾകൊണ്ടും അവർക്ക് ലഭിക്കേണ്ട

ഗുണം ലഭിക്കുന്നില്ല. പൂർവ്വീകർക്ക് പററിയ തെററുകൾ മനസ്സിലാക്കി, അവ ആവർത്തിക്കാതെ ദൈവീക ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിന്ന് പകരം, അതേ തെററുകൾ കൂടുതൽ വമ്പിച്ച തോതിൽ ആവർത്തിക്കപ്പെടുന്നു. പൂർവ്വികരേയും പിൽക്കാരക്കാരേയും എല്ലാം ഒരുമിച്ച് കൂട്ടുന്ന പരലോകത്തുവെച്ച് അല്ലാഹു പറയുന്നതായിട്ട് ഖുർആൻ അറിയിച്ചുതരുന്നത് നോക്കുക.

''തങ്ങളുടെ ആത്മാക്കളോട് അക്രമം പ്രവർത്തിച്ചിരുന്നവരുടെ വാസസ്ഥലങ്ങളിൽ നിങ്ങൾ താമസിച്ചു. അവരെക്കൊണ്ട് നാം എന്തു ചെയ്തുവെന്ന് നിങ്ങൾക്ക് വ്യക്തമാകുകയും, നിങ്ങൾക്ക് നാം ഉപമകൾ വിവരിച്ച് തരികയും ചെയ്തു.'' (ഇബ്റാഹീം 45) നശിപ്പിക്കപ്പെട്ട പൂർവ്വീക സമുദായങ്ങൾ താമസിച്ചിരുന്ന അതേ നാടുകളിൽ നമ്മളും താമസിക്കുന്നു. അവരുടെ അവശിഷ്ടങ്ങളിൽനിന്ന്, അവരെ നശിപ്പിച്ചതിനെപ്പററി വ്യക്തമായ തെളിവുകൾ നമുക്ക് ലഭിക്കുന്നു. എന്നു മാത്രമല്ല, പരിശുദ്ധ ഖുർആനിൽകൂടി അല്ലാഹു ആ കാര്യങ്ങൾ, പിൽകാലക്കാരായ നമുക്ക് പല ഉപമകളും വിവരിച്ചു കാണിച്ചുംകൊണ്ട് വ്യക്തമാക്കിത്തരുന്നു. അവരുടെ ചരിത്രങ്ങളിൽനിന്ന് പാഠം പഠിക്കാൻ ആവർത്തിച്ചാഹ്വാനം ചെയ്യുന്നു. 'സത്യനിഷേധികളുടെ അന്ത്യം' എങ്ങിനെയായിരുന്നുവെന്ന് ഭൂമിയിൽ സഞ്ചരിച്ച്, ഗവേഷണം നടത്തി അവശിഷ്ടങ്ങൾ കുഴിച്ചെടുത്ത് പഠനം നടത്തി മനസ്സിലാക്കുവാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു.

★

# അല്ലാഹുവിൻെറ നടപടിക്രമം

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ് എന്ന് സാധാരണ പറയാറുണ്ട്. പക്ഷെ തേനീച്ച ഉറുമ്പ് മുതലായവയെപ്പോലെ സാമൂഹ്യ ജീവിതത്തിന്നുള്ള ജന്മവാസനകളുള്ള കൂട്ടത്തിലല്ല മനുഷ്യൻ. അവരെ സമൂഹമായി നിലനിർത്തുന്നത്, ധാർമ്മിക സദാചാര മൂല്യങ്ങളാണ്! ഇന്നും മനുഷ്യർ സമൂഹമായി നിലനിൽക്കുന്നത്, സമൂഹത്തിൻെറ 'സിമൻറാ'യി വർത്തിക്കുന്ന മൂല്യങ്ങൾ ഏറെക്കുറെ നിലനിൽക്കുന്നത് കൊണ്ടാണ്, യഥാർത്ഥത്തിൽ മനുഷ്യരുടെ ജന്മവാസനകൾ, സമൂഹത്തെ ശിഥിലീകരിക്കുന്ന തരത്തിലുള്ളവയാണ്. വിശപ്പ്, ലൈംഗികവികാരം, സ്വയം രക്ഷാബോധം ഇങ്ങിനെയുള്ള ജന്മവാസനകൾ, ഓരോ മനുഷ്യനേയും സമൂഹത്തോട് മല്ലിടുവാൻ പ്രേരിപ്പിക്കുന്നവയാണ്. അവയെ നിയന്ത്രിക്കുവാനും സാമൂഹ്യവൽകരിക്കാനും, ധാർമ്മിക സദാചാരമൂല്യങ്ങൾ ഉൾക്കൊള്ളുമ്പോഴേ മനുഷ്യർക്ക് സമൂഹമായി ജീവിക്കാൻ സാധ്യമാകയുള്ളു. പൌരാണിക മനുഷ്യരെ സമൂഹമായി നിലനിർത്താനുള്ള മൂല്യങ്ങൾ, മനുഷ്യർ സ്വന്തമായി കണ്ടുപിടിച്ചുണ്ടാക്കിയതല്ല. ദൈ

വദൂതൻമാർ, മനുഷ്യർ തമ്മതമ്മിൽ അനുവർത്തിക്കേണ്ട ധാർമ്മിക സദാചാര മൂല്യങ്ങളും, അവർ അവരുടെ സ്രഷ്ടാവിനോട് ബന്ധപ്പെടേണ്ട മൂല്യങ്ങളും എന്തെല്ലാമാണെന്ന് ദൈവസന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യരോട് പ്രബോധനം ചെയ്യുന്നു. സ്വന്തം താൽപര്യങ്ങൾക്കും ദേഹേച്ഛകൾക്കും വിരുദ്ധമായ പ്രവാചകന്മാരുടെ പ്രബോധനങ്ങൾ സ്വീകരിക്കാൻ മനുഷ്യർ കൂട്ടാക്കാതെ അവരെ ദ്രോഹിക്കയും മർദ്ദിക്കയും എല്ലാം ചെയ്യുന്നു അതെല്ലാം സഹിച്ചുകൊണ്ട് ജനങ്ങളെ വീണ്ടും വീണ്ടും നന്മയിലേക്ക് വിളിക്കുന്ന പ്രവാചകന്റെ മാതൃകാപരമായ ജീവിതവും, അമാനുഷികമായ ദൃഷ്ടാന്തങ്ങളും, നിസ്വാർത്ഥമായ നിലപാടും മനുഷ്യർക്കിടയിൽ സ്വാധീനം ചെലുത്തുന്നു. അങ്ങിനെ ധാർമ്മിക സദാചാരമൂല്യങ്ങൾ ഉൾക്കൊണ്ട മനുഷ്യസമൂഹം നിലവിൽ വരുന്നു. കാലാന്തരത്തിൽ, മനുഷ്യന്റെ ദേഹേച്ഛയും, സ്ഥാപിത താൽപര്യവും, പൈശാചിക പ്രേരണകളും, പ്രവാചകൻ നടപ്പിലാക്കിയ ഉത്തമ മാതൃകയിൽനിന്ന് വ്യതിചലിക്കാൻ, കാരണമായിത്തീരുന്നു. അങ്ങിനെ തിന്മയിലേക്കും അസത്യത്തിലേക്കും വഴുതിപ്പോയ സമൂഹത്തെ, വീണ്ടും നന്മയിലേക്കും സത്യത്തിലേക്കും ക്ഷണിക്കുവാൻ ദൈവദൂതന്മാർ നിയോഗിക്കപ്പെടുന്നു. അവരിൽ ചിലർ മർദ്ദിക്കപ്പെടുന്നു, ചിലർ നാടുകടത്തപ്പെടുന്നു, കൊല്ലപ്പെടുന്നു. അങ്ങനെ ദുഷ്ടരായി വളരുന്ന തലമുറകൾ നശിപ്പിക്കപ്പെടുന്നു. പിന്നെയും ദൈവദൂതൻമാർ വരുന്നു. അങ്ങനെ ഈ പ്രക്രിയ വളരെക്കാലം മനുഷ്യ ചരിത്രത്തിൽ നടന്നതുകൊണ്ടാണ്, ഇന്ന് മനുഷ്യർക്കിടയിൽ പല നിലവാരത്തിലുമുള്ള ധാർമ്മിക സദാചാരമൂല്യങ്ങൾ നിലനിൽക്കുന്നതും. മനുഷ്യർക്ക് സാമൂഹ്യജീവിതം സാധ്യമാകുന്നതും.

നിരീശ്വര നിർമ്മിത സമൂഹങ്ങളാണെന്ന പറയപ്പെടുന്ന കമ്മ്യൂണിസ്റ്റ് സമൂഹങ്ങളിലും, പ്രവാചകൻമാർ കൊണ്ടുവന്ന ധാർമ്മിക സദാചാരമൂല്യങ്ങളുടെ അവശിഷ്ടങ്ങൾ ബാക്കിനിൽക്കുന്നത്കൊണ്ടാണ് സാമൂഹ്യജീവിതം സാധ്യമാവുന്നത്. മൂല്യങ്ങൾ പറെറ നശിച്ചാൽ മനുഷ്യസമൂഹം മൃഗങ്ങളേക്കാൾ അധഃപതിച്ചു രാക്ഷസ തുല്യരായിത്തീരുന്നു. മനുഷ്യ ചരിത്രത്തിൽ ഇങ്ങിനെയുള്ള സ്ഥിതി സംജാതമാകുമ്പോൾ, ദൈവദൂതൻമാരുടെ ഉൽബോധനം തീരെ ഫലിക്കാതെ വരികയും, മനുഷ്യർ നൻമയുടെ സ്ഥാനം തിന്മക്കും സത്യത്തിൻെറ സ്ഥാനം അസത്യത്തിന്നും നൽകുന്ന നില വരികയും ചെയ്യുമ്പോൾ ആ സമൂഹം അല്ലാഹുവിൻെറ ശിക്ഷക്ക് വിധേയമായി നശിപ്പിക്കപ്പെടുന്നു. പൌരാണിക മനുഷ്യ സമൂഹങ്ങളിൽ, ഈ നടപടിക്രമം അല്ലാഹു സ്വീകരിച്ചതുകൊണ്ടാണ്, ഇന്നത്തെ നിലക്കെങ്കിലും മനുഷ്യർ സമൂഹമായി നിലനിൽക്കുന്നത്. മനുഷ്യർ പാപങ്ങൾ ചെയ്യുക മാത്രമല്ല, പാപങ്ങൾ അവരുടെ സംസ്ക്കാരത്തിൻെറ ഭാഗമാകുകയും, നൻമയ്ക്ക് പകരം തിന്മയും സത്യത്തിന്ന് പകരം അസത്യവും ധർമ്മത്തിന്ന് പകരം അധർമ്മവും, അവരുടെ സംസ്കാരത്തിൻെറ ഘടകങ്ങളായിത്തീരുകയും എല്ലാം തലകീഴായി മറിഞ്ഞ ഒരു സ്ഥിതി വിശേഷം ഉളവാകുകയും, നൻമയുടെയും സത്യത്തിൻെറയും പ്രബോധകൻമാരായ പ്രവാചകൻമാർ നിഷേധിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും കൊല്ലപ്പെടുകയുമെല്ലാം സംഭവിക്കുന്ന നില വരികയും ചെയ്താൽ, ആ ജനതയെ പിൻഗാമികളില്ലാത്ത വണ്ണം അല്ലാഹു നശിപ്പിക്കുന്നു. ഈ നടപടിക്രമം

അല്ലാഹു സ്വീകരിച്ചത്കൊണ്ടാണ് ഇന്നത്തെ നില ക്കെങ്കിലും മനുഷ്യർ ഏറെക്കുറെ മനുഷ്യരായി നി ലനിൽക്കുന്നത്. ഇതില്ലായിരുന്നുവെങ്കിൽ, മനു ഷ്യർ എന്നോ മൃഗങ്ങളേക്കാൾ അധഃപതിച്ച, നന്മയു യുടെ ഒരംശവുമില്ലാത്ത സത്യവും ധർമ്മവും എന്താ ണെന്നറിയാത്ത രാക്ഷസന്മാരുടെ അല്ലെങ്കിൽ നരഭോ ജികളുടെ ഒരു കൂട്ടമായി മാറി സ്വയം നശിക്കുമായി രുന്നു. അതുകൊണ്ടാണ് ഇങ്ങിനെയുള്ള സമൂഹങ്ങ ളെ നശിപ്പിച്ച കാര്യം പ്രസ്താവിച്ചശേഷം രക്ഷിതാ വിന്നാണ് സർവ്വസ്തുതിയും എന്ന് പരിശുദ്ധ ഖുർആൻ പറയുന്നത്.

## തലതിരിഞ്ഞ സംസ്കാരം

പൌരാണിക സമൂഹങ്ങളുടെയും ആധുനിക സ മൂഹങ്ങളുടെയും സ്ഥിതി പരിശോധിക്കുമ്പോൾ, കാണാൻ കഴിയുന്ന ഒരു വസ്തുത, സമൂഹത്തിൽ വ ളരെ കുറഞ്ഞ കാലംകൊണ്ട്, നന്മയുടെ സ്ഥാനം തി ന്മ കരസ്ഥമാക്കുകയും. അതു മനുഷ്യസംസ്കാരത്തി ൻെറ ചോദ്യം ചെയ്യപ്പെടാൻ പററാത്ത ഒരു ഭാഗമായി ത്തീരുകയും ചെയ്യുമെന്നതാണ്. സമൂഹത്തിലെ ഉ ന്നതൻമാരും സാംസ്കാരിക നേതാക്കളും പ്രമാണി കളും തിൻമയുടെയും അസത്യത്തിൻെറയും വക്താ ക്കളായിത്തീരുന്നതോടെ സമൂഹമാകെ അവരുടെ പി ന്നാലെ പോകുന്നു. ലൂത്തി (അ.)ൻെറ ജനതയുടെ ഉദാഹര ണം ആദ്യത്തിൽ ചൂണ്ടിക്കാണിച്ചത് ഓർക്കുന്നുണ്ടായിരി ക്കും. ആ സമൂഹത്തിൽ, പ്രകൃതി വിരുദ്ധ ലൈം ഗിക ബന്ധം—പുരുഷനും പുരുഷനും തമ്മിലുള്ളത്—

സമൂഹത്തിലെ ഉന്നതന്മാരുടെയും സാംസ്സ്ക്കാരിക നേതാക്കളുടെയും അവരെ പിൻതുടർന്ന സാധാരണ ക്കാരുടെയുമെല്ലാം ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത സംസ്ക്കാരമായി മാറി. അതിനെ ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ട ലൂത്ത് നബിയെ അവർ ബഹിഷ്ക്കരിച്ചു, പരിഹസിച്ചു, ദ്രോഹിച്ചു, 'ലൂത്തിൻെറ കുടുംബത്തെ നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കുക, അവർ പരിശുദ്ധൻമാരായ ആളുകളാണ്'' എന്ന് പറഞ്ഞുകൊണ്ട് തമാശയാക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. 'സൻമാർഗ്ഗ നിഷ്ഠയുള്ള ഒരു പുരുഷൻപോലും നിങ്ങളുടെ ഇടയിൽ ഇല്ലെ' എന്ന് ലൂത്ത് നബി വിലപിക്കുവാൻ മാത്രം, അവരെ ആ ദുർമാർഗ്ഗം വിഴുങ്ങിയിരുന്നു. അദ്ദേഹത്തിൻെറ കുടുംബം ഒഴികെ, നാട് മുഴുവൻ ആ തിന്മയെ പിന്താങ്ങുന്നവരും അത് നാട്ടിൻെറ മഹത്തായ സംസ്ക്കാരമാണെന്ന് ഗണിക്കുന്നവരുമായി മാറി. അവരുടെ മഹാകവികളും സാഹിത്യകാരൻമാരും കവിതകളുടെയും കഥകളുടെയും പ്രമേയം, പുരുഷനും പുരുഷനും തമ്മിലുള്ള പ്രേമമാക്കി. (നെഹ്റുവിൻെറ ലോക ചരിത്രം)

ഇനി ശുഐബ് നബിയുടെ ജനതയെപ്പററി ഖുർആൻ തരുന്ന വിവരണത്തിൽനിന്ന് മനസ്സിലാകുന്നത് ആ ജനത അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത് ഒരു നല്ല കാര്യമായിട്ടാണ് ഗണിച്ചിരുന്നത് എന്നാണ്. അത് അവരുടെ അവകാശവും കച്ചവട തന്ത്രവുമായിട്ടാണ് അവർ ഗണിച്ചിരുന്നത്! ശുഐബ് ഇതിനെ എതിർത്തപ്പോഴം അവർക്ക് വലിയ ആശ്ചര്യമാണ് തോന്നിയത്. ഖുർആൻ ആ കാര്യം പറയുന്നത് നോക്കുക:

''എന്റെ ജനങ്ങളേ! നീതിപൂർവ്വം അളവും തൂക്കവും പൂർത്തിയാക്കി കൊടുക്കുക. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കുറച്ചുകളയരുത്— ഭൂമിയിൽ അനർത്ഥകാരികളായി അക്രമം ചെയ്യരുത്— അല്ലാഹു (നിങ്ങൾക്ക്) ബാക്കിയാക്കുന്നതാണ് നിങ്ങൾക്ക് നല്ലത്; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ! ഞാൻ നിങ്ങളുടെ കാവൽക്കാരനല്ല '' (ഹൂദ് 85, 86) എന്ന് ശുഐബ് ജനങ്ങളോട് പറഞ്ഞപ്പോൾ അവരുടെ മറുപടി നോക്കുക ''അവർ പറഞ്ഞു: 'ഹേ, ശുഐബ്! ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുപോന്നിരുന്നതിനെ ഉപേക്ഷിക്കണമെന്നോ, ഞങ്ങൾക്കിഷ്ടമുള്ളത് ഞങ്ങളുടെ ധനംകൊണ്ട് ചെയ്യരുതെന്നോ നിന്നോട് കൽപിക്കുന്നത് നിന്റെ നമസ്കാരമാണോ? നിശ്ചയമായും നീ ശാന്തനും സന്മാർഗ്ഗിയും തന്നെ!'' രണ്ട് കാര്യങ്ങളിലാണ് ആ ജനതക്ക്, ശുഐബിനോടുള്ള എതിർപ്പ്. കച്ചവടക്കാരായിരുന്ന ആ സമൂഹം അളത്തത്തിലും തൂക്കത്തിലും കൃത്രിമം ചെയ്യുക എന്നത് അവരുടെ സംസ്കാരമാക്കി മാററിയിരുന്നു. അത് ഒരു നല്ല കാര്യമായും കച്ചവട സാമർത്ഥ്യമായും ധനസമ്പാദനത്തിന്നുള്ള ഒരുത്തമ മാർഗ്ഗമായും അവർ പരമ്പരാഗതമായി ഗണിച്ചുപോന്നു. നമ്മുടെ ചില വിഭാഗങ്ങളുടെ ഇടയിൽ പലിശ ഒരു നല്ല വേണ്ടപ്പെട്ട കാര്യമായി ഗണിക്കപ്പെടുന്നപോലെ.

പിന്നെ അവർ പരമ്പരാഗതമായി ആരാധിച്ചുപോന്നിരുന്ന ദൈവങ്ങളെ കൈവിട്ട്, പ്രപഞ്ച കർത്താവായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന കാര്യമാണ് അവർക്ക് പററാത്തത്. യഥാർത്ഥത്തിൽ എല്ലാ പ്രവാചകൻമാരും അവരുടെ ജനതക

ളോട് പ്രബോധനം ചെയ്തിട്ടുള്ള ഏററവും പ്രധാനപ്പെട്ട കാര്യം, 'അല്ലാഹുവല്ലാതെ ആരാധനക്കർഹനായിട്ടാരുമില്ല' എന്ന സത്യമാണ്. തിൻമകളിൽവെച്ച് ഏററവും കടുത്തതും പൊറുക്കപ്പെടാത്തതും മനുഷ്യൻ തൻെറ ആരാധനയും പ്രാർത്ഥനയും സ്രഷ്ടാവായ അല്ലാഹുവിനല്ലാതെ, വേറെ ആർക്കെങ്കിലും അർപ്പിക്കുക എന്ന കാര്യമാണ്. പക്ഷെ, കാലാന്തരത്തിൽ ഈ തിൻമ മനുഷ്യ സംസ്ക്കാരത്തിൻെറ ഭാഗമായി മാറുകയും സമൂഹത്തിൽ നൻമയുടെ സ്ഥാനം കവർന്നെടുക്കുകയും ചെയ്യുന്നു. അതിൻെറ നിലനിൽപ്പിൽ സ്ഥാപിത താൽപര്യമുള്ളവർ, പലതരം പ്രചരണങ്ങളിലൂടെയും തന്ത്രങ്ങളിലൂടെയും ഈ തിൻമയെ സമൂഹത്തിൽ നൻമയുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ പാടുപെടുന്നു. പിശാച് അവർക്ക് എല്ലാവിധ സഹായങ്ങളും നൽകുന്നു. അങ്ങിനെ ബിംബാരാധനയും ബഹുദൈവാരാധനയും കാലാന്തരത്തിൽ സമൂഹത്തിൻെറ സംസ്കാരത്തിൻെറ ഭാഗങ്ങളായിത്തീരുന്നു. ഇന്നത്തെ നിലയും ഇത്തന്നെ. ബിംബാരാധനയും ഖബ്ർ ആരാധനയും മററ് ബഹുദൈവാരാധനകളും മഹത്തായ നല്ല കാര്യങ്ങളായി വലിയ ഒരു വിഭാഗം ജനങ്ങൾ കരുതുകയും, അവയെ എതിർക്കുന്നത്, അവരുടെ മഹത്തായ സംസ്കാരത്തോടുള്ള അനാദരവായി ഗണിക്കയും, ചെയ്യുന്നു. മനുഷ്യരുടെ ചരിത്രത്തിൽ എല്ലാ കാലത്തും പ്രവാചകൻമാർക്ക് ഏററവും അധികം എതിർപ്പ് നേരിട്ടത് ഈ ബഹുദൈവാരാധകരിൽ നിന്നായിരുന്നു. ചരിത്രാതീത കാലങ്ങളിലും ചരിത്ര കാലങ്ങളിലും, ബഹുദൈവാരാധകരായ ജനവിഭാഗങ്ങൾ, ഏകദൈവാരാധനയുടെ പ്രബോധകൻമാരായിരുന്ന പ്രവാചകൻമാരെ എതിർ

ക്കുകയും മർദ്ദിക്കുകയും നാടുകടത്തുകയും കൊല്ലു കയുമെല്ലാം ചെയ്തിരുന്നത് ബഹുദൈവാരാധന എന്ന 'തിൻമ' ആ സമൂഹങ്ങളിൽ 'നൻമ'യുടെ സ്ഥാനം പിടിച്ചടക്കി അവരുടെ സംസ്കാരങ്ങളുടെ പ്രധാന ഘടകമായിത്തീർന്നിരുന്നത് മൂലമായിരുന്നു. ഏകദൈവത്തെ മാത്രം ആരാധിക്കുക എന്ന ആശയം അവർക്ക് ഒട്ടും ദഹിക്കാത്ത, അവരെ അന്ധാളിപ്പിക്കുന്ന ഒരു കാര്യമായിരുന്നു.

''അവൻ ദൈവങ്ങളെയെല്ലാംകൂടി ഒററ ദൈവമാക്കിയോ? നിശ്ചയമായും ഇത് ഒരു വലിയ ആശ്ചര്യകരമായ കാര്യംതന്നെ.'' (ഖു: 38:5) എന്ന് പ്രവാചകനെപ്പററി ബഹുദൈവാരാധകരായിരുന്ന നാട്ടുകാർ പറഞ്ഞിരുന്നതാണ്. അവർക്കത് ആലോചിക്കാൻ പോലും സാധ്യമല്ലായിരുന്നു. 'ബഹുദൈവാരാധന' എന്ന മഹാപാപം സമൂഹത്തിൽ ഒരു മഹാപുണ്യമായി ഗണിക്കപ്പെടുകയും, ആ തലകീഴായി മറിഞ്ഞ നിലപാടിൽ സമൂഹം ഉറച്ചു നിൽക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്തിരുന്നപ്പോഴാണ്, ഇതിന്നെതിരായി പ്രബോധനം ചെയ്യാൻ പ്രവാചകൻമാർ നിയോഗിക്കപ്പെട്ടിരുന്നത്. ഇങ്ങിനെ പ്രവാചകൻമാർ കഴിഞ്ഞുപോയിട്ടില്ലാത്ത ഒരു സമുദായവും ഉണ്ടായിട്ടില്ല എന്നാണ് ഖുർആൻ പറയുന്നത്. ഈ പ്രവാചകന്മാരിൽ ബഹുഭൂരിപക്ഷവും നിഷേധിക്കപ്പെട്ടു. ആ സമൂഹങ്ങൾ ബഹുദൈവാരാധനയിലും തോന്ന്യാസങ്ങളിലും ഉറച്ചുനിന്നു. പ്രവാചകൻമാരെ മർദ്ദിക്കയും പരിഹസിക്കയും ചെയ്തു. അവരിൽനിന്ന് പാപികളും നന്ദികെട്ടവരുമായ ബഹുദൈവാരാധകരല്ലാതെ ഉണ്ടായിത്തീരുന്ന

തില്ല എന്ന നില വന്നാൽ അല്ലാഹു ആ സമൂഹത്തെ നശിപ്പിക്കുന്നു. അങ്ങനെ ഭൂമിയുടെ അന്തർഭാഗത്തും ആഴികൾക്കിടയിലും പെട്ടുപോയ, നശിപ്പിക്കപ്പെട്ട സംസ്കാരങ്ങളിൽ ബഹുഭൂരിഭാഗവും ബഹുദൈവാരാധനയുടെ അടിസ്ഥാനത്തിലുള്ള സംസ്കാരങ്ങളായിരുന്നു; എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

''പറയുക, നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക, മുമ്പ് (കഴിഞ്ഞ് പോയവരുടെ) അവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുക; അവരിൽ അധികവും ബഹുദൈവാരാധകൻമാരായിരുന്നു.'' (അർറൂം:42)

★

# ഏററവും വലിയ തിൻമ

ചരിത്രാവശിഷ്ടങ്ങൾ എവിടെ കുഴിച്ചെടുക്കപ്പെട്ടാലും, അവയിൽ അധികവും കാണുന്നത്, ബിംബങ്ങളും ബഹുദൈവാരാധനാപരമായ സംസ്കാരങ്ങളുടെ മററു ലക്ഷ്യങ്ങളുമാണ്. പ്രകൃതി വിരുദ്ധ ലൈംഗികബന്ധം ലൂത്ത് നബി (അ) യുടെ ജനത ഒരു മഹത്തായ കാര്യമായി കരുതുകയും, ആ 'തിന്മ' ക്ക് സമൂഹത്തിൽ 'നന്മ' യുടെ സ്ഥാനം ലഭിക്കയും ചെയ്തുവെന്ന് മുമ്പ് പ്രസ്താവിച്ചുവല്ലോ. എന്നാൽ 'ബിംബാരാധന' എന്ന ഏററവും വഷളായ 'തിന്മ' സമൂഹത്തിൽ ഏററവും വലിയ നന്മയുടെ സ്ഥാനം കരസ്ഥമാക്കുന്നത് പൌരാണിക മനുഷ്യ സമൂഹങ്ങളിലെന്നപോലെ, ആധുനിക സമൂഹങ്ങളിലും കാണാവുന്നതാണ്.

ആഭിചാരകന്മാരോ പൈശാചിക സേവ നടത്തുന്നവരോ, വളരെ രഹസ്യമായി വല്ല മൂർത്തികളുടേയോ യക്ഷികളുടേയോ ഭാവനാരൂപങ്ങളുണ്ടാക്കി, അവയ്ക്ക് പൂജയും ആരാധനയും അർപ്പിക്കാറുണ്ട്. അവർ ഇതിന്നായി സ്വകാര്യ മണ്ഡപങ്ങളുണ്ടാക്കി, അവരുടെ പ്രതിഷ്ഠകൾക്ക് രഹസ്യമായി പൂജയോ വഴിപാ

ടോ എല്ലാം നടത്താറുണ്ട്. ഇതെല്ലാം ആളുകൾ അറിയുന്നത്, അവർക്ക് തന്നെ ലജ്ജയും അപമാനവുമുണ്ടാക്കുന്ന മ്ളേച്ഛമായ കാര്യങ്ങളായിട്ടാണ് ഗണിക്കപ്പെട്ട് പോരാറുള്ളത്. എന്നാൽ കുറച്ചങ്ങോട്ടെത്തിയാൽ, ഈ സ്വകാര്യമണ്ഡപവും പ്രതിഷ്ഠയും അനേകം ആരാധകരെ ആകർഷിക്കയും, അവിടത്തെ പൂജയും ഉത്സവവും കൂടുതൽ വിപുലീകൃതമാകുകയും. അടുത്തപ്രദേശത്തുകാരെല്ലാം ആരാധനയർപ്പിക്കുന്ന ഒരു 'ദൈവമാ' യി ഉയരുകയും ചെയ്യുന്നു. പിന്നെയും പ്രസിദ്ധീകരണവും പ്രചരണവും വർദ്ധിക്കുന്നു. സ്ഥാപിത താൽപര്യക്കാരായ പൂജാരികളും പ്രതിഷ്ഠയുടെ അയൽവക്കത്തുള്ള കച്ചവടക്കാരും മററ് ആശ്രിതരും, അതിൻെറ മഹത്വത്തെപ്പററിയും ആരാധകർക്ക് ലഭിച്ച ഗുണങ്ങളെപ്പററിയും മററുമുള്ള പ്രചരണങ്ങളുമായി കൂടുതൽ വിപുലമായ പ്രസിദ്ധീകരണങ്ങൾ നടത്തുന്നു. പത്രങ്ങളിലും പ്രസിദ്ധീകരണങ്ങളിലും പരസ്യങ്ങളിലും വാർത്തകളും വരുന്നു. അങ്ങിനെ കാലാന്തരത്തിൽ ഈ മണ്ഡപം വലിയൊരു ക്ഷേത്രവും അവിടത്തെ ആ പ്രതിഷ്ഠ ഒരു മഹാദൈവവും, ആ രാജ്യം ഒരു തീർത്ഥാടന കേന്ദ്രവുമെല്ലാമായിത്തീരുന്നു. ഇതെല്ലാം വളരെ കുറഞ്ഞ കാലംകൊണ്ട് തന്നെ സംഭവിക്കുന്നു. നമ്മുടെ കൺമുമ്പിൽ വെച്ച് നടക്കുന്നു. പൈശാചിക സേവ നടത്തുന്ന ആഭിചാരകൻ നടത്തിയിരുന്ന മ്ളേച്ഛമെന്ന് ഗണിക്കപ്പെട്ടിരുന്ന സ്വകാര്യ പൂജ, എല്ലാവരും അംഗീകരിക്കുന്ന മഹത്തായ ഒരു കാര്യമായി മാറുന്നു. ഉയർന്നവനും താഴ്ന്നവനും ധനാഢ്യനും ദരിദ്രനും പാമരനും വിദ്യാസമ്പന്നരും, സാഹിത്യകാരന്മാരും, മഹാകവികളും എല്ലാവരും അതിൻെറ സ്തുതി പാഠകന്മാരാ

യിത്തീരുന്നു. അത് നാട്ടിന്റെ സംസ്കാരമായിത്തീരുന്നു. അതിനെ എതിർക്കുന്നത് മഹാ പാ പ മാ യി ഗണിക്കപ്പെടുന്നു.

ആധുനിക ലോകത്ത് തന്നെ നടക്കുന്ന ഈ പ്രതിഭാസം, കൂടുതൽ ശക്തമായി കൂടുതൽ വിപുലമായി പൌരാണിക സമൂഹങ്ങളിൽ നടന്നിരുന്നു എന്ന് വേണം കരുതുവാൻ. അങ്ങിനെയുള്ള ഒരു സമൂഹമായിരുന്നു ഇബ്രാഹീം നബി (അ) ക്ക് നേരിടുവാൻ ഉണ്ടായിരുന്നത്. ബാബിലോണിയായിലെ മുഴുവൻ ജനങ്ങളും രാജാവും പ്രമാണികളും എല്ലാം ഒരു ഭാഗത്തും. ഇബ്രാഹീംനബി ഒററക്ക് ഒരു ഭാഗത്തും. മുരടിച്ച ആ ജനതയെ ഒന്നു ഞെട്ടിപ്പിക്കുവാൻ, അവരെ ഒന്ന് ബുദ്ധിയുപയോഗിച്ച് ചിന്തിപ്പിക്കുവാൻ, അവർ ആരാധിച്ച് പോന്നിരുന്ന ചില ബിംബങ്ങളെ ഇബ്രാഹീം നബി തച്ചുടച്ചു. പരമ്പരാഗതമായി ബഹുദൈവാരാധനയിൽ ഊട്ടപ്പെട്ടിരുന്ന ജനത; ഒരാരം പോലും ഒഴിവില്ലാതെ അദ്ദേഹത്തിന്നെതിരിൽ അണിനിരന്നു. വമ്പിച്ച ഒരു അഗ്നികുണ്ഡം, എല്ലാവരും ശ്രമദാനവും വിറക് ദാനവും നടത്തി നിർമ്മിച്ചുണ്ടാക്കയും അതിന്റെ ഭയങ്കരമായ ചൂട് കൊണ്ട് അടുത്തേക്കടുക്കാൻ സാധ്യമല്ലാതിരുന്നതിനാൽ, ഇബ്രാഹീമിനെ ദൂരെ നിന്ന് അതിലേക്ക് കവണ കൊണ്ട് തൊടുത്ത് വിടുകയും ചെയ്തു. ഇത് ഒരു ദേശീയ ഉൽസവമെന്നവണ്ണം, സ്ത്രീകളും കുട്ടികളും പുരുഷൻമാരും എല്ലാം അവരവർക്ക് കഴിയുന്നത് ചെയ്തുകൊണ്ട്, അവരവരുടെ ദൈവങ്ങളോടും പരമ്പരാഗതമായ സംസ്കാരത്തോടുമുള്ള കൂറ് പുലർത്തി! ബിംബക്കച്ചവടക്കാരനായിരുന്ന ഇബ്രാഹീംനബിയുടെ പിതാവ്, അവരുടെ മുൻപ

ന്തിയിൽ ഇതിനെല്ലാം നേതൃത്വം കൊടുത്തുകൊണ്ടുപ്രവർത്തിച്ചിരിക്കണം.

ഭരണ കൂടത്തെ അട്ടിമറിക്കാൻ ഒരുമ്പെട്ട ഒരു മനുഷ്യനെയും, മനുഷ്യചരിത്രത്തിൽ ഇങ്ങിനെ ജനങ്ങളെല്ലാം ഒത്തൊരുമിച്ചുകൊണ്ടു അഗ്നികുണ്ഡത്തിലേക്കെറിയുവാനോ, തൂക്ക് മരത്തിലേക്കോ തടവറയിലേക്കോ അയക്കുവാൻപോലുമോ, ഒരുങ്ങിയതായി കാണുകയില്ല. ആരാധനയുടെ വിഷയത്തിൽ തങ്ങളുടെ പൂർവ്വ പിതാക്കളെ അന്ധമായി അനുകരിച്ചുകൊണ്ട് ബഹുദൈവ വിശ്വാസത്തിൻെറയും ബിംബാരാധനയുടെയും സംസ്കാരത്തിൽ ഊട്ടപ്പെട്ട ഒരു സമൂഹത്തിന്ന്, അവരുടെ ആരാധ്യ വസ്തുക്കളോടുള്ള കൂറും പ്രേമവും, അവയെ ചോദ്യം ചെയ്ത ദൈവദൂതന്മാരെ ഏത് മർദ്ദനമുറകൾക്ക് വിധേയമാക്കാനും പ്രേരിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു! ഇന്നും അങ്ങിനെത്തന്നെയാണ്. പിശാച് അവരുടെ ഈ മനോഭാവത്തിന്ന് ആക്കം കൂട്ടുകയും അവരെ ആരാധനയുടെ വിഷയത്തിൽ പരമ്പരാഗതമായ അന്ധതയിൽ ഉറച്ച് നിൽക്കുവാൻ പ്രേരിപ്പിക്കയും ആ നിലപാട് മഹത്തായും സുന്ദരമായും അവരുടെ മനസ്സുകളിൽ തോന്നിപ്പിക്കയും ചെയ്യുന്നു. ഏററവും നീചമായ 'തിൻമ' സമൂഹത്തിൽ ഏററവും ഉന്നതമായ 'നന്മ'യുടെ സ്ഥാനം കയ്യേറി കൈവശപ്പെടുത്തി മനുഷ്യ സംസ്കാരത്തിൻെറ അവിഭാജ്യ ഘടകമായിത്തീരുന്നു.

ഫാറോവൻെറ 'തരീകത്തുകുമുൽ മുസ്ലാ' എന്നു വിശേഷിപ്പിക്കപ്പെട്ട സംസ്കാരവും മണ്ണിനടിയിൽ പെട്ടുപോയ പൌരാണിക മനുഷ്യ സംസ്ക്കാരങ്ങളും എല്ലാം ബഹുദൈവാരാധന എന്ന തിൻമയെ, ന

ൻമയുടെ സ്ഥാനത്ത് അവരോധിച്ചിരുന്ന സംസ്കാരങ്ങളായിരുന്നു. ബിംബാരാധനയും ബഹുദൈവാരാധനയും ഏററവും നീചമായ തിൻമകളാണെങ്കിലും, പരമ്പരാഗതമായി അവ ശീലിച്ച മനുഷ്യരെ സംബന്ധിച്ചേടത്തോളം, അവ ഉത്തമമായ മഹത്തായ കാര്യങ്ങളായിത്തീരുന്നു. നൂഹ് നബി (അ)ക്കും, ഇബ്രാഹീം നബി (അ)ക്കും അവർക്കിടയിൽ ഭൂമിയുടെ എല്ലാഭാഗങ്ങളിലും അയക്കപ്പെട്ട ആയിരക്കണക്കിലുള്ള ദൈവദൂതൻമാർക്കും, നേരിടേണ്ടിവന്നിരുന്നത്, 'ബഹുദൈവാരാധന' ഏററവും മഹത്തായ ഒരു സംസ്കാരമായി ഗണിച്ച് പോന്നിരുന്ന മനുഷ്യ സമൂഹങ്ങളെയായിരുന്നു. അവരുടെ കഴിവിലും അറിവിലും അവർ അഹങ്കരിക്കയും, ദൈവദൂതൻമാരെ തിരസ്ക്കരിക്കയും ചെയ്തു. പൌരാണിക മനുഷ്യ സമൂഹങ്ങൾ ദൈവിക ശിക്ഷക്ക് വിധേയമായി നശിപ്പിക്കപ്പെട്ടപ്പോഴെല്ലാം അല്ലാഹു സ്വീകരിച്ചിട്ടുള്ള നടപടി ക്രമത്തെപ്പററി ഖുർആൻ പറയുന്നത് നോക്കുക:

നിശ്ചയമായും നിൻെറ മുമ്പ് കഴിഞ്ഞ്പോയ സമുദായങ്ങളിലേക്ക് നാം (ദൂതന്മാരെ) അയച്ചിരുന്നു. അപ്പോൾ അവരെ വിഷമങ്ങളും ദുരിതങ്ങളും കൊണ്ട് നാം പിടി കൂടി; അവർ താഴ്മയുള്ളവരാകുവാൻ വേണ്ടി. നമ്മിൽനിന്നുള്ള വിഷമങ്ങൾ അവക്ക് വന്നപ്പോൾ, എന്തുകൊണ്ട് അവൻ താഴ്മയുള്ളവരായില്ല? പക്ഷെ അവരുടെ ഹൃദയങ്ങൾ കടുത്തു. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത്, അവർക്ക് പിശാച് ആകർഷകമാക്കി തോന്നിപ്പിച്ചു. അങ്ങിനെ അവർ അനുസ്മരിപ്പിക്കപ്പെട്ടിരുന്നത് അവർ മറന്നപ്പോൾ, നാം എല്ലാ വസ്തുക്കളിലേക്കുമുള്ള വാതിലുകൾ അവർക്ക് തുറന്ന്

കൊടുത്തു. ഒടുവിൽ അവർക്ക് നൽകപ്പെട്ടിരുന്നതിൽ അവർ അഹങ്കരിച്ചപ്പോാം, പൊടുന്നനവെ നാം അവരെ പിടികൂടി. അപ്പോാം അതാ അവർ നിരാശയിൽ ആണ്ടുപോയി. അപ്പോാം അക്രമം പ്രവർത്തിച്ച ജനതയുടെ നാരായവേരും കൂടി മുറിക്കപ്പെട്ടു. സർവ്വലോക രക്ഷിതാവിന്നാണ് എല്ലാ സ്തുതിയും.'' (അൽ അൻആം 42–45)

ബഹുദൈവാരാധനയിലും മററ് ചീത്ത കാര്യങ്ങളിലും മുഴുകിയിരുന്ന, അവയെല്ലാം മഹത്തായ കാര്യങ്ങളായി ഗണിച്ചിരുന്ന സമുദായങ്ങളിലേക്ക് ദൈവദൂതന്മാർ അയക്കപ്പെട്ടപ്പോാം, ആ ജനതകളിൽ താഴ്മയും വിനയവും ഉണ്ടാകാൻ, ദുരിതങ്ങളും വിഷമങ്ങളും അനുഭവിക്കുന്ന സ്ഥിതി അല്ലാഹു അവരിൽ ഉണ്ടാക്കി.. പക്ഷെ ഈ ദുരിതങ്ങളും വിഷമങ്ങളും അവരിൽ താഴ്മയും വിനയവും ഉണ്ടാക്കിയില്ല. ''ഞങ്ങളുടെ പൂർവ്വികന്മാർക്കും വിഷമങ്ങളും സന്തോഷങ്ങളും ഉണ്ടായിട്ടുണ്ട്'' എന്ന് അവർ പറയുക എന്നല്ലാതെ, അവരിൽ ഒട്ടും താഴ്മയുണ്ടായില്ല. അവരുടെ ഹൃദയങ്ങാം പരമ്പരാഗതമായ അനുകരണ സ്വഭാവം മൂലം കടുത്തതായിത്തീരുകയും, ബഹുദൈവാരാധനയിലും മററ് തിൻമകളിലും അവർ ഉറച്ച് നിൽക്കുകയും ചെയ്തു. പ്രവാചകൻമാർ മുഖേന അല്ലാഹു അവരെ ഓർമ്മിപ്പിച്ച കാര്യങ്ങാം അവർ പററെ മറക്കുകയും അവഗണിക്കുകയും ചെയ്തപ്പോാം, അല്ലാഹു അവർക്ക് ലൌകികമായ വിജ്ഞാനങ്ങളും കഴിവുകളും എമ്പാടും തുറന്ന് കൊടുത്തു. 'എല്ലാ വസ്തുക്കളുടെയും വാതിലുകാം' എന്നു പറയുന്നത് ഭൌതികജീവിതത്തിൽ പല നിലവാരത്തിലുമുള്ള അറിവുകളും ക

ഴിവുകളും അവർക്ക് നൽകപ്പെട്ടു എന്ന അർത്ഥത്തി ലാണ്. ഓരോ കാലഘട്ടത്തിന്നും അനുസരിച്ച ഭൌ തികവിജ്ഞാനങ്ങൾ, ഇന്നത്തെ ശാസ്ത്രീയവിജ്ഞാ നം പോലെ, ആ സമൂഹങ്ങൾക്കുമുണ്ടായിരുന്നു. ജല സേചനപദ്ധതികളും കൃഷിയും പട്ടണങ്ങളും കെട്ടി ടങ്ങളും എല്ലാം പൂർവ്വകാല സമൂഹങ്ങൾക്കുമുണ്ടായി രുന്നു. അവരുടെ വിജ്ഞാനത്തിലും പുരോഗതി യിലും അവർ അഹങ്കരിക്കുകയും, പ്രവാചകൻമാരെ പുച്ഛരിച്ച് തള്ളുകയും ചെയ്തു. അങ്ങിനെ അ അവർ അഹങ്കാരത്തിന്റെ മൂർദ്ധന്യത്തിൽ എത്തുക യും, അല്ലാഹുവിനേയും, പരലോകത്തേയും, പ്രവാ ചകന്മാർകൊണ്ടുവന്ന മുന്നറിയിപ്പുകളേയും എല്ലാം തി രസ്കരിക്കുകയും ചെയ്തപ്പോൾ, പൊടുന്നനെയു ള്ള അന്ധാളിപ്പിക്കുന്ന തരത്തിലുള്ള നാശകരമായ ശി ക്ഷക്ക് അവർ വിധേയരായി. അവർ പിൻഗാമികളി ല്ലാത്തവണ്ണം നശിപ്പിക്കപ്പെട്ടു. ഈ നടപടിക്രമം അല്ലാ ഹു സ്വീകരിച്ചിരുന്നെങ്കിൽ, മുമ്പ് പറഞ്ഞതു പോ ലെ, മനുഷ്യരെന്നോ മനുഷ്യരല്ലാതെ ആകുമായിരു ന്നു. അതുകൊണ്ടാണ് സർവ്വലോക രക്ഷിതാവിന്നു സ്തുതി എന്ന് പറയുന്നത്.

## അന്നും ഇന്നും

ഈ നടപടിക്രമം പൌരാണികർക്കെന്നപോലെ ആ ധുനികർക്കും ബാധകമാണ്. അല്ലാഹുവിന്റെ നടപ ടിക്രമത്തിന്ന് മാററമില്ല. പക്ഷെ പൌരാണിക കാല ത്ത് ഓരോ സമൂഹത്തിന്നും ബാധകമായിരുന്നത്, ഇ ന്ന് ലോകത്തിന്നൊന്നാകെ ബാധകമാകാൻ പോകയാ ണ്. മനുഷ്യവർഗ്ഗം ഇന്നു് ഒരു സമൂഹമായി മാറിവ രികയാണ്. ലോകത്തിന്റെ ഏത് മൂലയിൽ നടക്കു

ന്ന സംഭവങ്ങളും ലോകം മുഴുവൻ അറിയുന്നു. മണിക്കൂറുകൾകൊണ്ട് ആർക്കും എവിടേയും എത്താം. ഭാഷയും ദൂരവും രാജ്യാതിർത്തികളും പ്രശ്നങ്ങളല്ലാതായിരിക്കുന്ന . പൂർവ്വകാലത്തെ ഒരു സമുദായം പോലെയോ അതിലും ചെറുതോ ആയിത്തീർന്നത് പോലെയാണ്. ഇന്ന് ഭൂമിയിലുള്ള മനുഷ്യർ! ആ സമുദായങ്ങളിൽ ഒരു ദൈവദൂതൻ പ്രബോധനം ചെയ്യുന്ന കാര്യം സമൂഹത്തിലാകെ എത്തുന്നതിനേക്കാൾ എളുപ്പത്തിൽ, ഒരു വർത്തമാനം മനുഷ്യവർഗ്ഗത്തിലാകെ ഇന്ന് എത്തുന്നു. അറബ് ഭാഷയും ഇസ്ലാമും പരിശുദ്ധ ഖുർആനും എല്ലാം മനുഷ്യവർഗ്ഗത്തിന്ന് മുമ്പിൽ അവഗണിക്കാൻ പററാത്ത നിലയിൽ പൊന്തിവന്നിരിക്കുന്നു. ഭൌതിക വിജ്ഞാനത്തിൻെറ സ്ഫോടനം തന്നെ നടക്കുകയാണ്. മനുഷ്യവർഗ്ഗത്തിന്ന് എല്ലാ വസ്തുക്കളിലേക്കുമുള്ള വാതിലുകൾ തുറന്ന് കൊടുക്കപ്പെട്ടത് പോലെയാണ്. ശാസ്ത്രം വമ്പിച്ച പുരോഗതിയാർജ്ജിച്ചുംകൊണ്ടിരിക്കുന്നു. അതേസമയത്ത് അല്ലാഹുവിൻെറ ഗ്രന്ഥമായ ഖുർആനും പ്രവാചകൻെറ ജീവിതവും ചര്യകളും എല്ലാം അറബ് ലോകത്തിൻെറ ഉയർച്ചയോടുകൂടി ലോകത്തിൻെറ മുഴുവൻ ശ്രദ്ധയിലേക്ക് വളരെ ശക്തിയായി, അവതരിക്കപ്പെട്ട്കൊണ്ടിരിക്കയാണ്. മനുഷ്യർ അവരുടെ അറിവിലും കഴിവിലും അങ്ങേഅററം അഹങ്കരിക്കയും അല്ലാഹു എന്ന ചിന്തതന്നെ മനുഷ്യർക്കില്ലാതാകയും അവർ അനുസ്മരിപ്പിക്കപ്പെട്ടത് അവർ പററെ മറക്കുകയും ചെയ്താൽ, പൌരാണിക മനുഷ്യസമൂഹങ്ങൾക്ക് ബാധകമായ അല്ലാഹുവിൻെറ നടപടിക്രമം മനുഷ്യർക്കാകെ ബാധകമാകും! അതായിരിക്കും ഈ പരിപാടിയുടെ അവസാനം! അവസാന നാൾ വരിക മനുഷ്യ

രിൽവെച്ച് ഏററവും നികൃഷ്ടരായവരുടെ മേലായിരിക്കും. അവരിൽനിന്ന് പിന്നെ നന്ദികെട്ടവരും മഹാപാപികളുമല്ലാതെ ജനിച്ച് വളരുകയില്ല എന്ന സ്ഥിതി സംജാതമായാൽ, നൂഹ്നബി തൻെറ ജനതയെപ്പററി പറഞ്ഞത് 'അവർ നന്ദികെട്ടവരേയും പാപികളേയും അല്ലാതെ ജനിപ്പിക്കുകയില്ല. (വി ഖു. 71:27) മനുഷ്യവർഗ്ഗത്തിന്നാകെ ബാധകമായാൽ, അല്ലാഹുവിൻെറ മാററമില്ലാത്ത നടപടിക്രമം നടപ്പിലാകും!

പൌരാണിക മനുഷ്യസമൂഹങ്ങളിൽ, 'തിന്മകൾ' 'നന്മകളുടെ' സ്ഥാനങ്ങൾ കവർന്നെടുക്കുകയും ആ തിന്മകൾ അവരുടെ സംസ്ക്കാരങ്ങളുടെ അവിഭാജ്യഘടകങ്ങളായിത്തീരുകയും ചെയ്തതിൻെറ ചില ഉദാഹരണങ്ങൾ ചൂണ്ടികാണിച്ചുവല്ലോ. മുഹമ്മദ് നബി (സ. അ.)യുടെ കാലത്ത് അറബികൾ ബഹുദൈവാരാധനയിലും ബിംബാരാധനയിലും മുഴുകിയിരുന്നു. അതവരുടെ സംസ്ക്കാരത്തിൻെറ പരമ്പരാഗതമായ ഘടകമായിത്തീർന്നിരുന്നു. കൂടാതെ പെൺകുട്ടികൾ ജനിച്ചാൽ അവരെ ജീവനോടെ കുഴിച്ചുമൂടുക എന്നത്, കുലീനരായ അറബികളെ സംബന്ധിച്ചേടത്തോളം ഒരു നല്ല കാര്യമായി ഗണിക്കപ്പെട്ടിരുന്നു! ഏററവും ചീത്തയായ ഒരു കാര്യം കാലാന്തരത്തിൽ ഒരു നല്ല കാര്യമായി സമൂഹം അംഗീകരിക്കുന്നതിൻെറ ഒരു നല്ല സാമ്പിളാണ് ഇത്!

ആധുനിക ലോകത്ത്, ഇതിന്ന് നിരവധി ഉദാഹരണങ്ങൾ ഉണ്ട്. നമ്മുടെ സന്താന നിയന്ത്രണപരിപാടി 'ഗർഭഛിദ്രം' നിയമ വിധേയമാക്കുന്നത്വരെ എ

ത്തിയിട്ടുണ്ട്. ഒരു പടികൂടി മുന്നോട്ട് പോയാൽ, ശിശുഹത്യ നിയമവിധേയമാക്കുന്നേടത്ത് എത്താം! 'പലിശ' എന്ന ഏററവും ചീത്ത ചൂഷണം, എല്ലാവരും അംഗീകരിക്കുന്ന ഒരു നല്ല കാര്യമായിത്തീർന്നു. അതിന്നുള്ള സ്ഥാപനങ്ങളും ബേങ്കുകളും അന്തസ്സുള്ള സ്ഥാപനങ്ങളാണ്. ജനങ്ങളും സർക്കാറുമെല്ലാം ഏററവും മഹത്തായി കരുതുന്ന കാര്യങ്ങളായിത്തീർത്തിട്ടുണ്ട് പലിശ, ബാങ്ക്, മുതലായവ. കൈക്കൂലി അവകാശപ്പെട്ട മാമൂലായി, അമാനത്ത് ഗനീമത്തായി. പല രാജ്യങ്ങളിലും കൈക്കൂലി നിയമവിധേയമാക്കാൻ ആലോചനയുണ്ട്. ഉന്നതതലങ്ങളിലുള്ള വ്യഭിചാരവും മദ്യപാനവും നഗ്ന നൃത്തങ്ങളും ആധുനിക സമൂഹങ്ങളിൽ പരിഷ്കാരത്തിന്റേയും സംസ്കാരത്തിന്റേയും അവിഭാജ്യഘടകങ്ങളായിത്തീർന്നിരിക്കുന്നു. സൌന്ദര്യ പ്രദർശനവും മത്സരങ്ങളും ലോകാടിസ്ഥാനത്തിൽ, മഹത്തായ കാര്യങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ആധുനിക പരിഷ്കാരത്തിന്റെ വളർച്ച എല്ലാ രാജ്യങ്ങളേയും ജനതകളേയും ബാധിക്കുകയും, അല്ലാഹുവിലും പരലോകത്തിലുമെല്ലാമുള്ള വിശ്വാസം പൂർവ്വികരുടെ കെട്ടുകഥകളായി മനുഷ്യവർഗ്ഗമാകെ ഗണിക്കുകയുംചെയ്യുന്ന സ്ഥിതിയിലേക്ക് സംഗതികരം വളരെ വേഗത്തിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആശ്ചര്യകരമായ വല്ല ദൈവിക ദൃഷ്ടാന്തങ്ങളും (ഈസാനബിയുടെ ആഗമനം പോലെ) ഈ പോക്കിന്ന് താൽക്കാലികമായ ഒരു മാററം വരുത്തിയേക്കാമെങ്കിലും, പിന്നെയും ഗതി ആവഴിക്ക് തന്നെയായിരിക്കും. അങ്ങിനെ അവസാന നാളാകുമ്പോഴേക്ക് മനുഷ്യർ ഏററവും നികൃഷ്ടരും, നന്ദികെട്ടവരും ദൈവസ്മരണ തന്നെ ഇല്ലാത്തവരും മൂല്യബോധം പ

ററ നശിച്ചവരുമായിത്തീരും. ഇവിടെ ഇത് പ്രസ്താവിക്കുന്നത് ഒരു കാര്യം വ്യക്തമാക്കാനാണ്. തിന്മകളും നന്മകളുടെ സ്ഥാനങ്ങളും കയ്യടക്കുകയും പ്രവാചകന്മാർ മനുഷ്യർക്ക് എത്തിച്ച സന്ദേശങ്ങളും തീരെ കയ്യൊഴിക്കുകയും അവരുടെ ഭൗതിക വിജ്ഞാനങ്ങളിലും, നേട്ടങ്ങളിലും അഹങ്കരിക്കുകയും ചെയ്യുന്ന നില മനുഷ്യർക്ക് പൂർത്തിയായാൽ നാശകരമായ ദൈവിക ശിക്ഷ പെട്ടെന്ന് അവരെ പിടികൂടും എന്ന നിയമം പൗരാണിക സമൂഹങ്ങൾക്കെന്നപോലെ ആധുനിക ലോകത്തിനും ബാധകമാണ്.

''എന്നാൽ പൂർവ്വികരിൽ (അനുവർത്തിക്കപ്പെട്ട) നടപടിയല്ലാതെ (മററൊന്ന്) അവർ കാത്തിരിക്കയാണോ? എന്നാൽ അല്ലാഹുവിൻെറ നടപടിക്ക് മാററം വരുത്തൽ നീ കണ്ടെത്തുകയില്ല. അല്ലാഹുവിൻെറ നടപടിക്ക് ഒരു ഭേദ ഗതിയും നീ കണ്ടെത്തുകയില്ല. (അൽഫാതിർ 43)

പൂർവ്വീക സമുദായങ്ങളിൽ നടപ്പായിരുന്ന അല്ലാഹുവിൻെ നടപടിക്രമം തന്നെ ആധുനികരിലും നടപ്പാകും. അതിലൊരു മാററവും തരുന്നതല്ല .

★

# മണ്ണടിഞ്ഞ പൗരാണിക നാഗരീകതകൾ

ഒരു രാജ്യവും ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ നശിപ്പിക്കപ്പെടുകയോ, ഭയങ്കരമായി ശിക്ഷിക്കപ്പെടുകയോ ചെയ്യപ്പെടാത്തതായിട്ടില്ല എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

അവസാന നാളിന്ന് മുമ്പ് നാം നശിപ്പിക്കുകയോ കഠിനമാകി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു രാജ്യവും ഉണ്ടായിരിക്കയില്ല. അത് ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടതാണ്. (17:58) ഇത് ഏറെക്കുറെ കഴിഞ്ഞുപോയ കാര്യമാണ്. ''ഒരു ദൂതനെ എഴുന്നേൽപിച്ചല്ലാതെ നാം ശിക്ഷിക്കുന്നവനല്ല'' (17:15) എന്നും, ''മുന്നറിയിപ്പ്കാരൻ കഴിഞ്ഞുപോയിട്ടില്ലാത്ത ഒരു സമുദായവും ഇല്ല'' (35:24) എന്നും പരിശുദ്ധ ഖുർആൻ പറഞ്ഞിട്ടുള്ളതിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് ദൈവദൂതൻമാർ വരികയും ശിക്ഷക്ക് വിധേയമാക്കപ്പെടുകയും ചെയ്യാത്ത ഒരു രാജ്യവും സമുദായവും ഇല്ല എന്നുതന്നെയാണ്. ഇങ്ങനെ ലോക വ്യാപകമായി തുടരെത്തുടരെ ദൈവദൂത

ന്മാർ അയക്കപ്പെട്ട ഒരു കാലഘട്ടമാണ് നൂഹ്നബിക്കുശേഷം മൂസാനബി വരെയുള്ള ആ കാലഘട്ടം. ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും ദൈവദൂതന്മാർ വരികയും അവർ തിരസ്ക്കരിക്കപ്പെടുകയും ജനങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്ന ആ കാലഘട്ടത്തിന്റെ മുമ്പുള്ളവരെ ആദ്യകാലക്കാരെന്നും (അവ്വലീൻ) അതിന് ശേഷമുള്ളവരെ പിൽക്കാലക്കാർ (ആഖരീൻ) എന്നുമാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. ഈ രണ്ട് കാലക്കാർക്കിടയിൽ ഒരു വിടവ് വന്നതുപോലെ, ആദ്യകാലക്കാരുടെ ഭാഷയും ചരിത്രവും സംസ്ക്കാരവും എല്ലാം പിൻഗാമികളില്ലാത്തവണ്ണം നശിപ്പിക്കപ്പെട്ടതിനാൽ, പിൽകാലക്കാർക്ക് അറിയാത്ത നിലയാണ്. അവരുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുത്തുനോക്കി, ഗവേഷണം നടത്തി പലതരം സിദ്ധാന്തങ്ങളും അനുമാനങ്ങളും ഊഹങ്ങളും നിർമ്മിക്കുക എന്നല്ലാതെ, അവരെപ്പററി ഖുർആനിലും ബൈബിളിലും മററും വന്ന കാര്യങ്ങൾ മാത്രമേ നമുക്ക് അറിയുകയുള്ളു.

''ഒരു രാജ്യത്തെ നശിപ്പിക്കുവാൻ നാം ഉദ്ദേശിച്ചാൽ അതിലെ സുഖലോലുപന്മാരോട് നാം കൽപിക്കുന്നു. എന്നാൽ അവർ അവിടെ പാപങ്ങൾ പ്രവൃത്തിക്കുന്നു. അങ്ങിനെ അവരുടെ മേൽ (ശിക്ഷയുടെ) വചനം പൂർത്തിയാകുന്നു. അങ്ങിനെ നാം അവരെ ഒരു നശിപ്പിക്കൽ നശിപ്പിക്കുന്നു. നൂഹിന്ന് ശേഷം എത്ര എത്ര തലമുറകളെ നാം നശിപ്പിച്ചു. തന്റെ ദാസന്മാരുടെ പാപങ്ങളെപ്പററി സൂക്ഷ്മജ്ഞാനമുള്ളവനും കാഴ്ചയുള്ളവനുമായി നിന്റെ രക്ഷിതാവ് മതി.'' (ഇസ്റാഅ് 16:17) നശിപ്പി

ക്കപ്പെട്ട രാജ്യങ്ങളിലെ നേതാക്കളും പ്രമാണികളും സുഖലോലുപന്മാരുമെല്ലാം, അല്ലാഹുവിൻെറ ദൂതൻമാരെ നിഷേധിക്കുകയും തോന്ന്യാസങ്ങളിൽ ഉറച്ച് നിൽക്കുകയും ചെയ്തു. സാധാരണക്കാരും ദുർബ്ബലരും എല്ലാം ഇവരെ പിൻപററി. അവർ അവരുടെ അറിവിലും കഴിവിലും അഹങ്കരിച്ച് ദൈവദൂതന്മാരെ കളിയാക്കി. അങ്ങിനെ ശിക്ഷയുടെ വചനം അവരുടെ മേൽ യാഥാർത്ഥ്യമായി പുലർന്നു:

''എന്നാൽ അവർ ഭൂമിയിൽകൂടി സഞ്ചരിക്കുകയും അവർക്ക് മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങിനെ ആയിരുന്നുവെന്ന് നോക്കുകയും ചെയ്യുന്നില്ലയോ? ഇവരേക്കാൾ അധികരിച്ചവരും, ശക്തിയിലും ഭൂമിയിൽ (അവശേഷിപ്പിച്ച) കാൽപ്പാടുകളിലും കൂടുതൽ പ്രബലരും ആയിരുന്നു അവർ. എന്നാൽ അവർ സമ്പാദിച്ചിരുന്നതെന്തോ അതവർക്ക് പ്രയോജനപ്പെട്ടില്ല. അത്കൊണ്ട് അവരുടെ പ്രവാചകൻമാർ സുവ്യക്തങ്ങളായ തെളിവുകളുമായി വന്നപ്പോൾ, അവരുടെ പക്കലുുണ്ടായിരുന്ന അറിവിൽ അഹങ്കരിച്ചു. അവർ പരിഹസിച്ചിരുന്നത്, അവരെ വലയം ചെയ്യുകയും ചെയ്തു. എന്നാൽ നമ്മുടെ ശിക്ഷ അവർ നേരിൽ കണ്ടപ്പോൾ അവർ പറഞ്ഞു 'ഞങ്ങൾ ഏകനായ അല്ലാഹുവിൽ വിശ്വസിച്ചു', അവനിൽ ഞങ്ങൾ പങ്കുചേർത്തിരുന്നതിലെല്ലാം ഞങ്ങൾ അവിശ്വസിക്കുകയും ചെയ്യുന്നു.' എന്നാൽ നമ്മുടെ ശിക്ഷ അവർ കണ്ടപ്പോഴുണ്ടായ വിശ്വാസം അവർക്ക് പ്രയോജനം ചെയ്തില്ല. അവൻെറ ദാസന്മാരിൽ കഴിഞ്ഞുപോയ അല്ലാഹുവിൻെറ നടപടിക്രമം, അവിശ്വാസികൾ തൽസമയം നഷ്ടത്തിലാക്കുകയും ചെയ്തു.'' (വി. ഖു. 40: 82_85)

ബഹുദൈവാരാധനയിൽ മുഴുകിയിരുന്ന പൌരാണിക മനുഷ്യ സമൂഹങ്ങൾ, ഭൌതിക വിജ്ഞാനങ്ങളിലും കഴിവുകളിലും വളരെ അധികം പുരോഗമിച്ചിരുന്നു. ഏകദൈവാരാധനയുടെ സന്ദേശവുമായി വന്ന പ്രവാചകൻമാരെ അവർ പരിഹസിക്കയും തിരസ്ക്കരിക്കയും ചെയ്തു. അവരുടെ സ്വന്തം അറിവിലും കഴിവിലും അവർ അഹങ്കരിച്ചു. ആ സമൂഹങ്ങളിൽ നിരവധി ദൈവദൂതൻമാർ ഉയിർത്തെഴുന്നേൽപിക്കപ്പെട്ടു. വളരെ വ്യക്തമായ ദൃഷ്ടാന്തങ്ങളുമായിട്ടായിരുന്നു ഈ ദൈവദൂതൻമാർ ആ സമൂഹങ്ങളെ തൌഹീദിലേക്ക് ക്ഷണിച്ചിരുന്നത്! ഒരുവിധത്തിലും നിഷേധിക്കാൻ പററാത്ത വ്യക്തമായ ദൈവിക ദൃഷ്ടാന്തങ്ങൾ അവരുടെ പ്രവാചകത്വത്തിന്നുള്ള തെളിവുകളായി. ദൈവദൂതൻമാർ പ്രദർശിപ്പിച്ചിട്ടും, അവരുടെ പരമ്പരാഗതമായ ബഹുദൈവാരാധനയിൽനിന്ന് പിൻമാറാൻ അവർ കൂട്ടാക്കിയില്ല. ദൈവീക ശിക്ഷ വന്നെത്തിക്കഴിയുമ്പോൾ മാത്രമേ, അവർ അവരുടെ ദൈവങ്ങളെയെല്ലാം വെടിഞ്ഞ് ഏകദൈവത്തെ സ്വീകരിക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുള്ള. ആ ഘട്ടത്തിലുള്ള 'വിശ്വാസം' ആക്കം പ്രയോജനപ്പെടുകയില്ല എന്നത് അല്ലാഹുവിൻെറ നടപടി ക്രമമാണ്. അങ്ങിനെ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും ആ കാലഘട്ടത്തിൽ, നിരവധി സമുദായങ്ങൾ നശിപ്പിക്കപ്പെടുകയും ചരിത്രാവശിഷ്ടങ്ങളായിത്തീരുകയും ചെയ്തു. പൌരാണിക സമൂഹങ്ങളിൽ വന്ന പ്രവാചകന്മാരെല്ലാം, അവർ അല്ലാഹുവിൻെറ ദൂതന്മാരാണെന്ന് ഏത് സാധാരണക്കാർക്കും വ്യക്തമാകുന്ന തരത്തിലുള്ള ദൃഷ്ടാന്തങ്ങളുമായിട്ടായിരുന്നു വന്നിരുന്നത്! എന്നിട്ടും അവർ തിന്മകളിൽനിന്ന് വിമു

ക്തരാകാനോ പ്രവാചകൻമാരെ അംഗീകരിക്കാനോ കൂട്ടാക്കിയില്ല.

(അൽഭുത) ദൃഷ്ടാന്തങ്ങൾ പൂർവ്വീകർ നിഷേധിച്ച് കളഞ്ഞുവെന്നതല്ലാതെ, അവയെ അയക്കുന്നതിൽ നിന്ന് നമ്മെ തടയുന്ന (മററു കാരണം) ഇല്ല. സമൂദ് (ജനത)ക്ക് നാം ഒട്ടകത്തെ, പ്രത്യക്ഷമായ (ദൃഷ്ടാന്ത)മായി നൽകി. എന്നാൽ അതിനോട് അവർ അതിക്രമം കാട്ടി. ഭയപ്പെടുത്തുന്ന (മുന്നറിയിപ്പ്) ആയല്ലാതെ ദൃഷ്ടാന്തങ്ങളെ നാം അയക്കുന്നില്ല.

(ബനീഇസ്രായീൽ–59)

ഇങ്ങിനെയുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങൾ, മനുഷ്യർ നിഷേധിക്കുകയാണെങ്കിൽ, അവരെ ഉടനെ ശിക്ഷിച്ച് നശിപ്പിക്കുക എന്നത് അനിവാര്യമാണ്! ആകാശം തുറന്ന് അല്ലാഹു നേരിൽ ആജ്ഞാപിച്ചാലും അത് സ്വീകരിക്കാൻ തയ്യാറില്ലാത്തവരായി മനുഷ്യർ ആയിത്തീർന്നാൽ പിന്നെ അവരെ വെച്ചേക്കുന്ന പ്രശ്നമില്ലല്ലോ. മനുഷ്യരോട് അല്ലാഹു വളരെ അധികം വിട്ടുവിഴ്ചകൾ കാണിച്ചിരിക്കയാണ്. മനുഷ്യരിൽനിന്ന് തന്നെയുള്ള ദൂതൻമാരെ, അവൻ തിരഞ്ഞെടുത്ത് അയക്കുന്നതിൽ തന്നെ മനുഷ്യരോട് വമ്പിച്ച കാരുണ്യവും വിട്ടുവീഴ്ചയുമാണ് അവൻ കാണിക്കുന്നത്! അവർക്ക് ആലോചിക്കാനും ചിന്തിക്കാനുമെല്ലാം അവസരം നൽകുകയും, പെട്ടെന്നുള്ള ശിക്ഷാനടപടി എടുക്കാതെ, അവരുടെ നന്ദികേടും അവിശ്വാസവും നീങ്ങിപ്പോകുവാൻ സാവകാശം അനുവദിക്കുകയും ചെയ്യുന്നു. നേരെമറിച്ച് ആകാശം തുറന്ന്, മനുഷ്യവർഗ്ഗത്തോട് നേരിട്ട് ഒരു വിജ്ഞാ

പനം നടത്തിയാൽ, അത് സ്വീകരിക്കാത്തവർക്ക് ഒരു നിമിഷത്തെ കാലതാമസം പോലും അനുവദിക്കപ്പെടുകയില്ല. ചിലപ്പോൾ ബഹുഭൂരിപക്ഷം മനുഷ്യരും, സ്വീകരിക്കാത്തവരായേക്കാം. ഈ പരിപാടി പെട്ടെന്ന വസാനിക്കും. എന്നാൽ ദൈവദൂതൻമാർ മനുഷ്യരിൽ നിന്ന് തന്നെ നിയോഗിക്കപ്പെടുകയും, അവർ മനുഷ്യരോട് പ്രബോധനം ചെയ്യുകയും ആകുമ്പോൾ, അവർക്ക് സാവകാശം കിട്ടുന്നു. എന്നാൽ പരമ്പരാഗതമായ അന്ധകാരത്തിൽ മുരടിച്ച മനുഷ്യർക്ക് ഈ പ്രബോധനവും ഫലം ചെയ്തില്ല എന്നുവരും. അവർ ആ പ്രവാചകനെ ചോദ്യം ചെയ്യും, അവഹേളിക്കും, ദ്രോഹിക്കും. അപ്പോൾ പ്രവാചകത്വത്തിന്നുള്ള വ്യക്തമായ തെളിവായി അത്ഭുത ദൃഷ്ടാന്തങ്ങൾ, അല്ലാഹു പ്രത്യക്ഷപ്പെടുത്തും. അങ്ങിനെയുള്ള അത്ഭുത ദൃഷ്ടാന്തങ്ങളെ, സമൂദ് ജനതയുടെ ഒട്ടകം പോലെയുള്ളതിനെ— വ്യക്തമായ അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ— മനുഷ്യർ നിരാകരിച്ചാൽ, നാശകരമായ ശിക്ഷ അനിവാര്യമാകുന്നു.

പൂർവ്വിക സമൂഹങ്ങളിൽ ഇങ്ങിനെയുള്ള പ്രത്യക്ഷ ദൃഷ്ടാന്തങ്ങൾ അവതരിപ്പിക്കപ്പെടുകയും, അവർ അവ നിഷേധിച്ചത് മൂലം നശിപ്പിക്കപ്പെടുകയും ചെയ്തതുപോലെ, പരിശുദ്ധ ഖുർആൻ ഇറങ്ങിയ കാലത്തെ ജനതയെ ഒന്നായി നശപ്പിക്കാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ട് സമൂദിന്റെ ഒട്ടകം പോലെയുള്ള പ്രത്യക്ഷ ദൃഷ്ടാന്തങ്ങൾ അല്ലാഹു അവതരിപ്പിച്ചില്ല. എന്നാൽ പൗരാണിക സമൂഹങ്ങളിൽ, പരമ്പരാഗതമായി ബഹുദൈവാരാധനയിലും അന്ധവിശ്വാസങ്ങളിലും പെട്ട് മുരടിച്ചുപോയ ചി

ന്താൾക്തി ഇല്ലാതിരുന്ന ജനതകളെ നേരിട്ടിരുന്ന പ്രവാചകൻമാർക്ക്, പ്രത്യക്ഷമായ വ്യക്തമായ ദൃഷ്ടാന്തങ്ങൾ കാണിച്ചിട്ടുപോലും, ആ സമൂഹങ്ങളെ അന്ധകാരത്തിൽനിന്ന് മോചിപ്പിക്കാൻ കഴിഞ്ഞില്ല. ബഹുഭൂരിപക്ഷം സമുദായങ്ങളും ദൈവീക ശിക്ഷ മൂലം നശിപ്പിക്കപ്പെടുകയും ചരിത്രാവശിഷ്ടങ്ങളായിത്തീരുകയും ചെയ്തു. പൂർവ്വികരുടെ മേൽ കൈകൊണ്ട ഈ നടപടി ക്രമം, പിൽക്കാലത്തേക്ക് ഒരു മുന്നറിയിപ്പും പാഠവുമായിരിക്കേണ്ടതാണ്.

"മാർഗ്ഗ ദർശനം തങ്ങൾക്ക് വന്നപ്പോൾ, വിശ്വസിക്കുന്നതിൽനിന്നും തങ്ങളുടെ രക്ഷിതാവിനോട് പാപമോചനത്തിന്ന് പ്രാർത്ഥിക്കുന്നതിൽനിന്നും മനുഷ്യരെ തടഞ്ഞത്, പൂർവ്വികരുടെ നടപടിക്രമം അവരിൽ വരികയോ, അല്ലെങ്കിൽ ശിക്ഷ അവർക്കു നേരിൽ വന്നെത്തുകയോ ചെയ്യണമെന്നതുകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമല്ല'' എന്ന് സൂറത്തുൽ കഹ്ഫിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. പൂർവ്വകാലക്കാരുടെ ചരിത്രങ്ങളിലേക്ക് വെളിച്ചം വീശുകയും അവർക്കുണ്ടായ നാശങ്ങളെപ്പററിയും അവരുടെ മേൽ അല്ലാഹു സ്വീകരിച്ചിട്ടുള്ള നടപടി ക്രമത്തെപ്പററിയും പിൽക്കാലക്കാർക്ക് വേദഗ്രന്ഥങ്ങളിൽ വിവരിച്ചു തരികയും ചെയ്തു. പരലോകത്തുവെച്ച് ഈ കാര്യത്തെപ്പററി അല്ലാഹു പറയുന്നത് ഖുർആൻ നമുക്ക് അറിയിച്ചുതരുന്നതിനെപ്പററി മുമ്പ് പ്രസ്താവിച്ചുവല്ലോ.

''തങ്ങളുടെ ആത്മാക്കളോട് അക്രമം പ്രവർത്തിച്ചിരുന്നവരുടെ താമസസ്ഥലങ്ങളിൽ നിങ്ങളും

താമസിച്ചു. അവരെക്കൊണ്ട് നാം എന്തുചെയ്തു വെന്ന് നിങ്ങൾക്ക് വ്യക്തമാകുകയും നിങ്ങൾക്ക് നാം ഉപമകൾ വിവരിച്ചുതരികയും ചെയ്തു.'' കഴിഞ്ഞുപോയ പൌരാണിക സമൂഹങ്ങളെ എന്ത് ചെയ്തുവെന്നും അവർ എങ്ങിനെ ഭൂമിക്കടിയിലും കടലിന്നടിയിലും ചരിത്ര അവശിഷ്ടങ്ങളായി മാററത്തക്കവണ്ണം നശിപ്പിക്കപ്പെട്ടു എന്നുമുള്ള കാര്യങ്ങളെല്ലാം പരിശുദ്ധ ഖുർആനിൽ, അല്ലാഹു നമുക്ക് വിവരിച്ചുതന്നു. അവരുടെ അവശിഷ്ടങ്ങൾ നമ്മൾ നിത്യേന കുഴിച്ചെടുക്കുകയും ചെയ്യുന്നു. എന്നാലും മനുഷ്യവർഗ്ഗം ചിന്തിച്ച് നോക്കുന്നില്ല. ഈ കാര്യത്തെപ്പററി ചിന്തിക്കുവാൻ പരിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നു. ഭൂമിയിൽ സഞ്ചരിച്ച് കഴിഞ്ഞുപോയ സമൂഹങ്ങളുടെ നാശത്തെപ്പററി പഠിക്കുവാനും ചിന്തിക്കാവാനും ആവർത്തിച്ചാഹ്വാനം ചെയ്യുന്നു.

''ഇവർക്ക് (ഒരു കാര്യം) മാർഗ്ഗദർശനം നൽകുന്നില്ലേ? മുമ്പ് എത്ര തലമുറകളെ നാം നശിപ്പിച്ചു; അവരുടെ വാസസ്ഥലങ്ങളിൽ ഇവർ നടക്കുന്നു. തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട് എന്നിട്ടും അവർ കേൾക്കുകയില്ലേ? (കേട്ട്) ഗ്രഹിക്കുകയില്ലേ.''

(അസ്സജദ_26)

എത്ര രാജ്യങ്ങളെ നശിപ്പിച്ചു, എത്ര തലമുറകളെ നശിപ്പിച്ചു എന്നെല്ലാം അല്ലാഹു പറയുമ്പോൾ, അവയുടെ എണ്ണം വളരെ അധികം ഉണ്ടാവണം. ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും എല്ലാ സമൂഹങ്ങളിലും നടന്നിട്ടുള്ള ഈ വിപുലമായ നാശം, മനുഷ്യവർഗ്ഗത്തെ രണ്ടായി ഭാഗിക്കുന്നത് പോലെയാണ്_ആദ്യകാലക്കാ

രും (അവ്വലീൻ) പിൽകാലക്കാരും (ആഖരീൻ) മൂസാ നബി(അ)ക്ക് മുമ്പ്, നൂഹ്നബിക്ക് ശേഷമുള്ള ആ കാലഘട്ടത്തിലാണ്, വിപുലമായ തോതിൽ മനുഷ്യ സംസ്കാരങ്ങളും രാജ്യങ്ങളും നശിപ്പിക്കപ്പെട്ടത്. ചരിത്രാവശിഷ്ടങ്ങൾ കുഴിച്ചെടുക്കുന്നതെല്ലാം, നാലയ്യായിരം കൊല്ലങ്ങൾക്കപ്പുറമുള്ളതാണ്. ഇന്ത്യയിലും ഈജിപ്തിലും ബാബിലോണിയയിലും ക്രീററിലും എല്ലാം കുഴിച്ചെടുത്ത ചരിത്ര അവശിഷ്ടങ്ങൾ ഈ കാലത്തേത്തന്നെ. അമേരിക്കകളിലും ആഫ്രിക്കയിലും ചൈനയിലും റഷ്യയിലും എല്ലാം കുഴിച്ചെടുക്കപ്പെടുന്നതും ഈ കാലഘട്ടത്തേത് തന്നെ. എന്ന് മാത്രമല്ല, ഈ വിദൂര രാജ്യങ്ങൾ തമ്മിൽ കച്ചവടത്തിലും മററു സാംസ്കാരിക കാര്യങ്ങളിലും വളരെ അധികം ബന്ധമുണ്ടായിരുന്നുവെന്നും കാണുന്നു.

ഇരുണ്ട വൻകരയെന്ന് വിളിക്കപ്പെട്ടിരുന്ന ആഫ്രിക്കയിൽ (കിഴക്കൻ ആഫ്രിക്കയിൽ) പഴയ സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. അത്പോലെ ചൈനയിലും റഷ്യയിലുമെല്ലാം, അയ്യായിരം കൊല്ലങ്ങൾക്കപ്പുറമുള്ള മനുഷ്യ സംസ്കാരങ്ങൾ ഭൂമിക്കടിയിൽ പെട്ടതിൻെറ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കപ്പെടുന്നു. തെക്കെ അമേരിക്കയിലും വടക്കേ അമേരിക്കയിലും അത്പോലെതന്നെ! ഇനിയും കുഴിച്ചെടുക്കപ്പെടാതെ ഭൂമിയുടെ അന്തർഭാഗത്ത് എത്ര എത്ര മറഞ്ഞു കിടക്കുന്നുണ്ടാകും! എന്തൊരു ആശ്ചര്യകരമായ കാര്യമാണിത്? ''തീർച്ചയായും ഇതിൽ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ ഉണ്ട്.'' എന്ന് ഖുർആൻ പറയുന്നത് എത്ര സത്യം! 'ആദ്യകാലക്കാരെ'പ്പററി, പിൽകാലക്കാരായ നമുക്ക് വേദ

ഗ്രന്ഥങ്ങളിൽ (ഖുർആനിലും ബൈബിളിലും) അല്ലാഹു അറിയിച്ചു തന്നു. ചരിത്ര ഗവേഷകന്മാർ, ഈ പൂർവ്വിക സംസ്കാരങ്ങൾ അപ്രത്യക്ഷമായതിനെപ്പററി പല സിദ്ധാന്തങ്ങളും മുമ്പോട്ട് വെച്ചിട്ടുണ്ടെങ്കിലും ഒന്നും തന്നെ യുക്തിപൂർവ്വമല്ല. വിദേശാക്രമണം, വെള്ളപ്പൊക്കം, അണകൾ പൊട്ടൽ, മുതലായ കാരണങ്ങൾ ഇത്ര വിപുലമായ നിലയിലുള്ള നാശത്തേയും, ആ സംസ്കാരങ്ങൾ ഭൂമിക്കടിയിൽ പെട്ടതിനെയും സാധൂകരിക്കുന്നില്ല. അല്ലാഹുവിൻെറ ദൂതന്മാരെ തിരസ്കരിക്കുകയും, ബഹുദൈവാരാധനയിലും മററു തോന്ന്യാസങ്ങളിലും മനുഷ്യർ ഉറച്ചു നിൽക്കുകയും ചെയ്തതിനാൽ അല്ലാഹുവിൻെറ ശിക്ഷമൂലം നശിപ്പിക്കപ്പെട്ടതാണ് ഈ പൂർവ്വിക മനുഷ്യ സമൂഹങ്ങളെല്ലാം.

ഇങ്ങിനെ നശിപ്പിക്കപ്പെട്ട രാജ്യങ്ങളിലെ ജനങ്ങൾ അവരുടെ ഐശ്വര്യത്തിലും ഭൌതികാഭിവൃദ്ധിയിലും അഹങ്കരിച്ച്, അല്ലാഹുവിൻെറ ശിക്ഷ അവർക്ക് വന്നേക്കുമെന്ന കാര്യത്തെപ്പററി തീരെ നിർഭയരായി. ഈ വസ്തുത ഖുർആൻ ചൂണ്ടിക്കാണിക്കുന്നത് നോക്കുക:

''ഒരു രാജ്യത്തിലേക്കും നാം ദൂതനെ അയച്ചിട്ടില്ല, അതിലെ ജനങ്ങളെ കഷ്ടപ്പാടും ദുരന്തങ്ങളുംമൂലം നാം പിടികൂടിയിട്ടല്ലാതെ; അവർ താഴ്മയുള്ളവരാവാൻ വേണ്ടി! പിന്നീട് തിന്മയുടെ സ്ഥാനത്ത് നാം നന്മ, മാററിക്കൊടുത്തു അവർ വളർന്ന് പെരുകുകയും അവർ പറയുകയും ചെയ്തു: ''തീർച്ചയായും നമ്മുടെ പിതാക്കളേയും കഷ്ടപ്പാടും ഐശ്വര്യ

വും ബാധിച്ചിട്ടുണ്ട്.'' അപ്പോൾ അവർ അറിയാത്ത നിലയിൽ, നാം അവരെ പിടികൂടി.

—രാജ്യങ്ങളിലെ ജനങ്ങൾ വിശ്വസിക്കയും സൂക്ഷ്മത പാലിക്കയും ചെയ്തിരുന്നുവെങ്കിൽ ആകാശത്തിൽനിന്നും ഭൂമിയിൽനിന്നും അവർക്ക് നാം അനുഗ്രഹങ്ങൾ തുറന്ന് കൊടുക്കുമായിരുന്നു. പക്ഷേ, അവർ നിഷേധിച്ചു. അങ്ങിനെ അവർ പ്രവർത്തിച്ച് സമ്പാദിച്ചത് (തിന്മകൾ) മൂലം അവരെ നാം പിടികൂടി.

—അപ്പോൾ, രാജ്യങ്ങളിലെ ജനങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ, രാത്രിയിൽ നമ്മുടെ ശിക്ഷ അവരിൽ വരുന്നതിനെപ്പററി അവർ നിർഭയരായോ? അല്ലെങ്കിൽ അവർ കളിച്ചുകൊണ്ടിരിക്കെ പകൽസമയങ്ങളിൽ നമ്മുടെ ശിക്ഷ വരുന്നതിനെപ്പററി അവർ നിർഭയരായോ? അല്ലാഹുവിൻെറ തന്ത്രത്തെപ്പററി അവർ നിർഭയരായിത്തീർന്നോ! എന്നാൽ നഷ്ടപ്പെട്ട ഒരു ജനതയല്ലാതെ അല്ലാഹുവിൻെറ തന്ത്രത്തെപ്പററി നിർഭയരായിരിക്കയില്ല!

—ഭൂമിയെ അതിൻെറ പൂർവ്വ നിവാസികളിൽ നിന്ന് അനന്തരമെടുത്തവർക്ക് (ഒരു കാര്യം) മാർഗ്ഗദർശനം ചെയ്യുന്നില്ലേ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ പാപങ്ങൾമൂലം അവരെ നാം (ശിക്ഷ) ബാധിപ്പിക്കുകയും, അവരുടെ ഹൃദയങ്ങളെ നാം മുദ്ര വെക്കുകയും ചെയ്യുമായിരുന്നു. അങ്ങിനെ അവർക്ക് കേൾക്കുവാൻ (കേട്ട് ഗ്രഹിക്കുവാൻ) കഴിയുമായിരുന്നില്ല (എന്നതത്രെ അത്). ആ രാജ്യങ്ങൾ! നിനക്ക് നാം അവയുടെ വർത്തമാനങ്ങൾ വിവരിച്ച്

തരുന്നു. തീർച്ചയായും വ്യക്തമായ തെളിവുകളുമായി അവരുടെ പ്രവാചകന്മാർ അവരിലേക്ക് ചെന്നു. എന്നാൽ അവർ മുമ്പ് നിഷേധിച്ചിരുന്നത് എന്തോ, അത് വിശ്വസിക്കാൻ അവർക്ക് കഴിഞ്ഞില്ല. അങ്ങിനെയാണ് അവിശ്വാസികളുടെ ഹൃദയങ്ങളെ അല്ലാഹു മുദ്ര വെക്കുന്നത്. അവരിൽ അധിക പേരിലും പ്രതിജ്ഞ (പാലിക്കുന്ന സ്വഭാവം) നാം കണ്ടില്ല. പാപികളായിട്ടാണ് അവരിൽ അധിക പേരെയും നാം കണ്ടത്.

—പിന്നീട് അവർക്കുശേഷം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി മൂസയെ ഫിർഔന്റെയും അവന്റെ പ്രമാണികളുടെയും അടുത്തേക്കയച്ചു. എന്നാൽ അവയോട് (ദൃഷ്ടാന്തങ്ങളോട്) അവർ അന്യായം പ്രവർത്തിച്ചു. അപ്പോൾ കുഴപ്പമുണ്ടാക്കിയവരുടെ അന്ത്യം എങ്ങിനെയായിരുന്നുവെന്ന് നോക്കുക!'' (അൽ അഅ്റാഫ് 94–103)

## ചരിത്രത്തിൽനിന്ന് പാഠമുൾക്കൊള്ളുക.

പരിശുദ്ധ ഖുർആൻ, നശിപ്പിക്കപ്പെട്ട രാജ്യങ്ങളുടെയും ജനതകളുടെയും വർത്തമാനങ്ങൾ പ്രതിപാദിക്കുന്നത്, അവർക്ക് പററിയ തെററുകളെപ്പററി നമ്മെ ബോധവാൻമാരാക്കാനും, അല്ലാഹു നമുക്ക് ചെയ്തിട്ടുള്ള അനുഗ്രഹങ്ങളെപ്പററി ഓർമ്മപ്പെടുത്താനുമാണ്. ആ ജനതകൾക്ക് കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും അനുഭവിച്ചത്, അവരുടെ അഹങ്കാരത്തെ ദൂരീകരിച്ച് അവരിൽ താഴ്മയും, ദൈവദൂതൻമാർ പ്രബോധനം ചെയ്തിരുന്ന സത്യം സ്വീകരിക്കാനുള്ള മനോഭാവവും ഉണ്ടാക്കാൻ വേണ്ടിയായിരുന്നു. എ

ന്നാൽ ചീത്ത കാലവും നല്ല കാലവുമെല്ലാം പൂർവ്വീകന്മാർക്കും ഉണ്ടാകാറുണ്ടായിരുന്നു. അതെല്ലാം പ്രകൃതിയിൽ ഉണ്ടാകുന്ന കാര്യങ്ങളാണ് എന്നെല്ലാം പറഞ്ഞ് സമാധാനിക്കുക എന്നല്ലാതെ, അവരിൽ അധിക പേർക്കും താഴ്മയോ സത്യം സ്വീകരിക്കാനുള്ള മനോഭാവമോ ഉണ്ടായില്ല. അല്ലാഹുവിൻെറ 'മക്റ്' എന്നതിന്ന് 'തന്ത്രം' എന്ന് പരിഭാഷപ്പെടുത്തുന്നതുകൊണ്ട് സംഗതി വ്യക്തമാകുന്നില്ല. ജനങ്ങൾ ഐശ്വര്യത്തിലും ക്ഷേമത്തിലും അങ്ങിനെ പുരോഗമിച്ച് വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷമുണ്ടാകുമ്പോൾ, അവർ നിർഭയരായി തോന്ന്യാസങ്ങളിലും പാപങ്ങളിലും മുഴുകി കഴിയുമ്പോൾ, അവർക്ക് ചൂണ്ടക്കാരൻ കയർ നീട്ടിയിട്ട് കൊടുക്കുന്ന പോലെ, അല്ലാഹു നീട്ടിയിട്ട് കൊടുക്കുന്നു. പെട്ടെന്ന് ഞെട്ടിപ്പിക്കുന്ന തരത്തിൽ അവർ പിടിക്കപ്പെടുമെന്നതിനെപ്പററി യാതൊരു ധാരണയുമില്ലാതെ, അവർ നിർഭയരായി വിലസുന്നു. ഇങ്ങിനെ അല്ലാഹുവിൻെറ മക്റിനെപ്പററി നിർഭയരായി, ലൌകിക ജീവിതത്തിൽ തങ്ങൾക്കുണ്ടായിട്ടുള്ള സമ്പത്തും സന്താനങ്ങളുമെല്ലാം തങ്ങളുടെ വിജ്ഞാനത്തിൻെറയും കഴിവിൻെറയും നേട്ടങ്ങളായി കരുതി, ഈ ലൌകീക ജീവിതം മാത്രമാണ് ജീവിതമെന്നും അതിന്നപ്പുറം യാതൊന്നുമില്ല എന്നുമുള്ള ധാരണയിൽ കഴിഞ്ഞു കൂടുന്നവരാണ്, യഥാർത്ഥത്തിൽ നഷ്ടക്കാർ എന്നാണ് ഖുർആൻ മുന്നറിയിപ്പു തരുന്നത്.

അല്ലാഹു മനുഷ്യവർഗ്ഗത്തോട് ചെയ്ത ഏററവും വലിയ ഒരു അനുഗ്രഹം എടുത്ത് പറയുന്നത് ശ്രദ്ധേയമാണ്. പാപങ്ങൾ ചെയ്യുക മൂലം, മനുഷ്യഹൃദയങ്ങളെ ബാധിക്കുന്ന അഴുക്കുകൾ അവയ്ക്ക്

സത്യം ഗ്രഹിക്കുവാനുള്ള കഴിവില്ലാതാക്കുകയും, ആത്മീയ വിജ്ഞാനങ്ങളും സത്യവിശ്വാസവും ഉൾക്കൊള്ളാൻ കഴിയാത്ത, മുദ്രവെക്കപ്പെട്ട ഒരു നില മനുഷ്യഹൃദയങ്ങൾക്ക് ഉണ്ടാകുകയും ചെയ്തിരുന്നുവെങ്കിൽ എന്താകുമായിരുന്നു നില! എന്നാൽ അല്ലാഹു പാപങ്ങൾ പൊറുക്കുകയും, ആത്മാർത്ഥതയും സത്യസന്ധതയുമുള്ളവരുടെ ഹൃദയങ്ങൾക്ക്, സത്യം സ്വീകരിക്കാനും ഉൾക്കൊള്ളാനുമുള്ള കഴിവ് നൽകുകയും ചെയ്യുന്നു. നശിപ്പിക്കപ്പെട്ട പൂർവ്വകാല സമുദായങ്ങളിൽ, ദൈവദൂതന്മാർ വരികയും അവരുടെ 'പ്രബോധനങ്ങൾ' ജനങ്ങൾ നിഷേധിക്കുകയും ചെയ്യുകമൂലം അവരുടെ ഹൃദയങ്ങൾ മുദ്രവെക്കപ്പെടുകയും പിന്നീട് എത്ര ദൈവദൂതന്മാർ മുന്നറിയിപ്പുമായി വന്നാലും, അവരെയെല്ലാം തിരസ്കരിക്കുന്ന, സത്യത്തിന്നെതിരിൽ ഹൃദയം കൊട്ടിയടക്കപ്പെട്ട നില അവർക്കുണ്ടാകുകയും ചെയ്തു. ഈ നില പരമ്പരാഗതമായി മനുഷ്യർക്ക് വന്നു ഭവിക്കുകയായിരുന്നുവെങ്കിൽ, അന്ധകാരത്തിൽനിന്ന് ഒരിക്കലും മനുഷ്യവർഗ്ഗത്തിന്ന് മോചനം സാധ്യമാകുമായിരുന്നില്ല!

രാത്രിയിലോ പകലിലോ പെട്ടെന്ന് നാശകരമായ ദൈവീകശിക്ഷ വന്നേക്കുമെന്നതിനെപ്പററി യാതൊരു ബോധവുമില്ലാതെ തെമ്മാടിത്തത്തിലും തോന്ന്യാസങ്ങളിലും വ്യാപൃതരായ മനുഷ്യർ അല്ലാഹുവിൻെറ 'മക്റി'നെപ്പററി നിർഭയരായിത്തീരുന്ന പൌരാണിക മനുഷ്യ സമൂഹങ്ങളെപ്പോലെ തന്നെ ആധുനികരും, അല്ലാഹുവിൻെറ 'മക്റി'നെപ്പററി ബോധമില്ലാതെ, ഈ ഭൂമിയും ഇവിടുത്തെ സുഖസൗകര്യങ്ങളും ഭൌതികാഭിവൃദ്ധികളുമെല്ലാം തങ്ങളുടെ കഴിവുകൊണ്ടും അ

റിവുകൊണ്ടും നേടിയതാണെന്ന ധാരണയിൽ പെട്ടെന്നുണ്ടായേക്കാവുന്ന ദൈവികശിക്ഷയെപ്പററി ഒരു ഭയവുമില്ലാതെ, കഴിഞ്ഞുകൂടുകയാണ്. 'തിന്മക്ക്' കയർ നീട്ടിയിട്ട് കൊടുക്കുകയും പെട്ടെന്ന് പിടിച്ച് ശിക്ഷിക്കയും ചെയ്യുക എന്നതാണ് അല്ലഹുവിൻെറ 'മക്ററ്'. മനുഷ്യർ നന്മയുടെ സ ഥാനം തിൻമക്ക് നൽകുകയും 'തിൻമ' മനുഷ്യ സംസ്കാരത്തിൻെറ ഭാഗമാകയും ചെയ്യുന്ന സ്ഥിതി വിശേഷത്തിനാണ് 'മക്റുസ്സയ്യിഅ്' എന്ന് ഖുർആൻ വിശേഷിപ്പിക്കുന്നത്. ബിംബാരാധന പോലുള്ള തിൻമ സമൂഹത്തിൻെറ നൻമയുടെ സ്ഥാനം കരസ്ഥമാക്കുകയും ചോദ്യം ചെയ്യപ്പെടാൻ വയ്യാത്ത നല്ല കാര്യങ്ങളായി സമൂഹം അംഗീകരിക്കുകയും ചെയ്യുന്നു. തിൻമ നൻമയുടെ സ്ഥാനം കരസ്ഥമാക്കുന്ന ഈ തന്ത്രത്തെയാണ് 'മക്റ്സ്സയ്യിഅ്' എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രവാചകന്മാർക്ക് എല്ലാ കാലത്തും നേരിടേണ്ടിവന്നിരുന്നത് ഈ 'മക്റസ്സയ്യിഅ്'ന്ന് വിധേയരായ സമൂഹങ്ങളെയായിരുന്നു.

''ഭൂമിയിൽ അഹംഭാവവും, തിന്മയുടെ തന്ത്രവും (അവൻ പ്രകടമാക്കി) തിന്മയുടെ തന്ത്രം അതിൻെറ ആളുകാരെയല്ലാതെ വലയം ചെയ്യുകയില്ല. ആ കാലക്കാരിൽ (നടപ്പായ) നടപടിയല്ലാതെ (മററൊന്ന്) അവർ കാത്തിരിക്കയാണോ?— പക്ഷെ അല്ലാഹുവിൻെറ നടപടിക്ക് ഒരു മാററം നീ കണ്ടെത്തുകയില്ല; അല്ലാഹുവിൻെറ നടപടിക്ക് ഒരു ഭേദഗതി നീ കണ്ടെത്തുകയില്ല. അവർ ഭൂമിയിൽ സഞ്ചരിക്കുകയും: അവർക്കു മുമ്പുണ്ടായിരുന്നവരുടെ ആവശ്യം എങ്ങനെയിരുന്നുവെന്ന് കാണുകയും ചെയ്യുന്നില്ലേ? ശക്തി

യിൽ ഇവരെക്കാാം ഏറെയുള്ളവരായിരുന്നു അവർ! ആകാശങ്ങളിലും ഭൂമിയിലും ഒരു വസ്തുവും. അല്ലാഹുവിൻെറ കഴിവിനതീതമായിരിക്കുകയില്ല. തീർച്ചയായും അവൻ അറിവുററവനും പരമശക്തനുമത്രെ!'' (വി. ഖു. 35: 43, 44)

'തിൻമയുടെ തന്ത്രം' (മക്റുസ്സയ്യിഅ്) എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് 'തിൻമ' സമൂഹത്തിൻെറ, സംസ്കാരത്തിൻെറ ഭാഗമാകുകയും നൻമയുടെ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യുന്ന പ്രതിഭാസമാണ്. 'ബിംബാരാധന' ഇതിന്നുള്ള ഏററവും വലിയ ഒരുദാഹരണമാണ്! കാലാന്തരത്താൽ, തലമുറകൾ കഴിയുന്തോറും, അത് സമൂഹത്തിൻെറ ഒഴിവാക്കാൻ വയ്യാത്ത സാംസ്കാരിക പാരമ്പര്യമായിത്തീരുന്നു. നശിപ്പിക്കപ്പെട്ട നിരവധി സംസ്കാരങ്ങളുടെയും നില ഇതായിരുന്നു. പ്രവാചകൻമാർ അവരോട് ബിംബാരാധനയിൽനിന്ന് വിരമിച്ച് സ്രഷ്ടാവിനെ മാത്രം ആരാധിക്കാൻ ഉൽബോധിപ്പിച്ചപ്പോൾ, അവരുടെ എല്ലാം മറുപടി, അവരുടെ പൂർവ്വപിതാക്കൾ ചെയ്തിരുന്ന ആരാധനയിൽനിന്ന് വിരമിക്കാൻ, അവരുടെ ദൈവങ്ങളെ ത്യജിക്കാൻ അവർക്ക് സാധ്യമല്ല എന്നായിരുന്നു. ബഹുദൈവാരാധന അവരുടെ സംസ്കാരത്തിൻെറ അവിഭാജ്യഘടകമായിത്തീർന്നിരുന്നു. അല്ല, അവരുടെ സംസ്കാരംതന്നെ കെട്ടിപ്പടുക്കപ്പെട്ടിരുന്നത്, 'ബിംബാരാധന'യിന്മേലായിരുന്നു! ''ബഹുദൈവാരാധന'' ഒരു മഹത്തായ കാര്യമായി അംഗീകരിക്കപ്പെടുകയും അത് തങ്ങളുടെ സംസ്കാരത്തിൻെറ അടിത്തറയായിത്തീരുകയും ചെയ്ത ജനതയെ ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിക്കുക എന്ന ഏററവും വിഷമകരമായ ജോലിയായിരുന്നു പ്രവാച

കൻമാർക്കെല്ലാം നിർവ്വഹിക്കാനുണ്ടായിരുന്നത്! ഇതായിരുന്നു ഇബ്രാഹീമിന്നും(അ) നൂഹി(അ)ന്നും എല്ലാം നേരിടാനുണ്ടായിരുന്നത്. നശിപ്പിക്കപ്പെട്ട സമൂഹങ്ങളിലേക്കയക്കപ്പെട്ടിരുന്ന, നമുക്ക് അറിയാത്ത, അല്ലാഹുവിന്ന് മാത്രമറിയുന്ന, നിരവധി ദൈവദൂതന്മാരുടെയും നില ഇത് തന്നെ. മുഹമ്മദ് നബി(സ) നേരിട്ടതും, ബിംബാരാധനയും മററ് തിന്മകളും തങ്ങളുടെ സംസ്കാരത്തിൻെറ അവിഭാജ്യഘടകങ്ങളായിത്തീർന്നിരുന്ന ഒരു ജനതയെ തന്നെയായിരുന്നു അവരുടെ ചീത്ത പ്രവർത്തനങ്ങാം, അവർക്ക് മഹത്തായ കാര്യങ്ങളായിത്തോന്നി; അല്ലെങ്കിൽ പിശാച് തോന്നിപ്പിച്ചു!

''ആരുടെ പ്രവൃത്തിയിലെ തിൻമ അവന്ന് ആകർഷകമാക്കപ്പെടുകയും അതിനെ അവൻ നന്മയായി കാണുകയും ചെയ്യുന്നുവോ,'' (അങ്ങിനെയുള്ളവനും...) എന്ന് തുടങ്ങി ഖുർആൻ (35:8) പ്രതിപാദിക്കുന്നത് ഇതിനെപ്പററിയാണ്! ഇങ്ങിനെ ചരിത്രാതീത കാലം മുതൽ മനുഷ്യ സമൂഹങ്ങാം, ബിംബാരാധനയും മററു തരത്തിലുള്ള ബഹുദൈവാരാധനകളും, മഹാപാപങ്ങളും തിന്മകളും അവരുടെ പരമ്പരാഗതമായ സംസ്കാരങ്ങളുടെ അവിഭാജ്യ ഘടങ്ങളായി സ്വീകരിക്കുകയും അവയെ മഹത്തായ നല്ല കാര്യങ്ങളായി അംഗീകരിക്കുകയും ചെയ്കയും, അവരിൽ എഴുന്നേൽപ്പിക്കപ്പെട്ട ദൈവദൂതന്മാർ ഈ തിന്മകാംക്കെതിരായി അവരോട് പ്രബോധനം ചെയ്കയും മുന്നറിയിപ്പ് നൽകുകയും ചെയ്തപ്പോാം, അവരെ തിരസ്കരിക്കുകയും പരിഹസിക്കയും മർദ്ദിക്കയും കൊല്ലുകയും മററും ചെയ്യ്തപ്പോാം, അല്ലാഹുവിൻെറ ശി

ക്ഷ അവരെ ബാധിക്കയും അവർ നശിപ്പിക്കപ്പെടുക യും ചെയ്തു കൊണ്ടിരുന്നു. പക്ഷെ ഒരു കാര്യം ഖുർആൻ വ്യക്തമാക്കുന്നത് ശ്രദ്ധേയമാണ്.

നിന്റെ നാഥൻ അധികം പൊറുത്ത് തരുന്നവനും കാരുണ്യമുടയവനുമാണ്. അവൻ പ്രവർത്തിച്ച് സമ്പാദിച്ച (തിന്മകൾ) കാരണം അവരെ അവൻ പിടിച്ച് ശിക്ഷിക്കയായിരുന്നെങ്കിൽ, അവർക്ക് ശിക്ഷ ത്വരിതമാകുമായിരുന്നു. എന്നാൽ അവർക്ക് ഒരു നിശ്ചിത അവധി ഉണ്ട്. അതിന്നപ്പുറം ഒരഭയസ്ഥാനം അവർ കണ്ടെത്തുകയില്ല. ആ രാജ്യങ്ങൾ അക്രമം ചെയ്ത് കൊണ്ടിരുന്നത് മൂലം അവരെ നാം നശിപ്പിച്ചു. അവരുടെ നാശത്തിന്നും നാം ഒരു നിശ്ചിത അവധി സമയം വെച്ചിരുന്നു!'' (അൽകഹ്ഫ് 58, 59).

നശിപ്പിക്കപ്പെട്ട പൌരാണിക സംസ്കാരങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിരുന്നത് പോലെയുള്ള അവധി, ആധുനിക ലോകത്തിന്റെ ഈ പോക്കിന്നുമുണ്ട്. ആ അപ്രത്യക്ഷമായ സംസ്കാരങ്ങൾ, നശിച്ചുപോയ രാജ്യങ്ങൾ, അവരുടെ അവധിവരെ, ബഹുദൈവാരാധനയിലും മററു പലതരം തിൻമകളിലും മുഴുകി, നിർഭയരായി കഴിഞ്ഞു കൂടിയിരുന്നു. അങ്ങിനെ തലമുറകളായി പാപങ്ങളിലും തോന്ന്യാസങ്ങളിലും മുഴുകി അവരുടെ സംസ്കാരങ്ങളിലും കഴിവുകളിലും അഹങ്കരിച്ച് ജീവിച്ചിരുന്ന ആ ജനതകളെ, ആധുനിക മനുഷ്യ സമൂഹങ്ങളെപ്പോലെത്തന്നെ വളരെക്കാലം തുടരാൻ അല്ലാഹു അനുവദിച്ചു. തുടരെ തുടരെ വന്ന പ്രവാചകൻമാരെ അവർ നിഷേധിക്കുകയും ചെ

യ്തു. നിശ്ചിത അവധികൾവരെ ആ സംസ്കാരങ്ങൾ വളർന്നു വികസിച്ചു. പക്ഷെ ഒരു സമൂഹവും അതിന്റെ അവധിയെ മുൻകടക്കുകയോ പിൻകടക്കുകയോ ചെയ്യില്ല' എന്ന് ഖുർആൻ പറയുന്നത് എല്ലാവർക്കും ബാധകമാണ്. ആധുനിക ലോകത്തിലെ, മനുഷ്യ സംസ്ക്കാരങ്ങൾക്കും ആകാശത്തിലോ ഭൂമിയിലോ അല്ലാഹുവിനെ പരാജയപ്പെടുത്തി, അവയുടെ അവധിക്കപ്പുറം കടക്കുവാൻ കഴിയുകയില്ല. എന്നാൽ മുതലാളിത്ത രാജ്യങ്ങളും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുമെല്ലാം ഇങ്ങനെ പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നത് കാണുമ്പോൾ, അല്ലാഹുവിന്റെ നിശ്ചിത അവധിയെ അവരാരെങ്കിലും തരണം ചെയ്തിരിക്കുന്നു എന്നു കരുതിപ്പോകണ്ട! ആററമിക്ക് ആയുധങ്ങളുടെ കൂമ്പാരങ്ങളിൻമേൽ വളരെ അപകടകരമായ, ഞാണിൻമേൽ കളി നടത്തികൊണ്ടിരിക്കുന്ന ആധുനിക രാഷ്ട്രങ്ങൾ ആ അവധിയിലേക്ക് വളരെ ധൃതിപിടിച്ച് കുതിക്കുകയാണോ?

★

مطبعة النرجس التجارية
NARJIS PRINTING PRESS
تلفون : ٢٣١٦٦٥٣ / ٢٣١٦٦٥٤
فاكس : ٢٣١٦٨٦٦ الرياض